2023
OCTOBER
20
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## റാബി വിളകളുടെ താങ്ങുവില വർധിപ്പിക്കും

**ന്യൂഡൽഹി :** 2024 25 വിൽപന സീസണിൽ റാബി വിളകളുടെ കുറഞ്ഞ താങ്ങുവില വർധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. ചുവന്ന പരിപ്പിനാണ് (മസൂർദാൽ) ഏറ്റവും കൂടിയ താങ്ങുവില. ക്വിന്റലിന് 400 രൂപ കൂട്ടി. കടുകിന് ക്വിന്റലിന് 200 രൂപയും ഉയർത്തി. ഗോതമ്പ്, പയർ, ബാർലി എന്നിവയ്ക്ക് യഥാക്രമം ക്വിന്റലിന് 150 രൂപ, 105 രൂപ, 115രൂപ എന്നിങ്ങനെയും വർധിപ്പിച്ചു. ഔഷധാവശ്യങ്ങൾക്കുപയോഗിക്കുന്ന ചെണ്ടൂരകത്തിന് (സാഫ്ഫ്ലവർ) ക്വിന്റലിന് 150 രൂപ വർധിപ്പിക്കും. ഉൽപാദനച്ചെലവിന്റെ 1.5 മടങ്ങ് കർഷകർക്കു താങ്ങുവില നൽകണമെന്ന ബജറ്റ് പ്രഖ്യാപനത്തിന് അനുസൃതമായാണ് നടപടിയെന്ന് കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ പറഞ്ഞു.

കർഷക സമരത്തിന്റെ സമയത്ത് കേന്ദ്രസർക്കാർ രൂപവൽക്കരിച്ച മിനിമം താങ്ങുവില പഠിക്കുന്നതിനുള്ള സമിതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചുള്ള ചോദ്യത്തോട് അനുരാഗ് ഠാക്കൂർ പ്രതികരിച്ചില്ല. ലഡാക്കിലെ 13 ഗിഗാവാട്ട് പുനരുപയോഗ ഊർജ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി മെയിൻ ഗ്രിഡുമായി ബന്ധിപ്പിക്കാൻ 20773 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. ഇതിൽ 8309.48 കോടി രൂപ കേന്ദ്ര സഹായമായിരിക്കും.

## എഐ, സെമികണ്ടക്ടർ, ക്വാണ്ടം കംപ്യൂട്ടിങ് ഐടി മന്ത്രാലയവും ഐബിഎമ്മും സഹകരിക്കും



**ന്യൂഡൽഹി :** ആർട്ടിഫിഷൽ ഇന്റലിജൻസ് (എഐ), സെമി കണ്ടക്ടർ (ഇലക്ട്രോണിക് ചിപ്), ക്വാണ്ടം കംപ്യൂട്ടിങ് മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനു കേന്ദ്ര ഇലക്ട്രോണിക്സ് ഐടി മന്ത്രാലയവും ഐബിഎം ഇന്ത്യയും തമ്മിൽ ധാരണ. സി ഡാക്, എഐ ഇന്ത്യ ഡിജിറ്റൽ കോർപറേഷൻ, ഇന്ത്യ സെമികണ്ടക്ടർ മിഷൻ എന്നിവയുമായി ഐബിഎം ഇന്ത്യ ഇതു സംബന്ധിച്ച കരാറിലൊപ്പിട്ടു.

ദേശീയ ക്വാണ്ടം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാനാണു സിഡാക്കും ഐബിഎമ്മും തമ്മിൽ ധാരണയായിരിക്കുന്നത്. ഈ രംഗത്തെ വ്യവസായങ്ങളുടെ വികസനത്തിനും ഗവേഷണത്തിനുമെല്ലാം ഇരുവരും കൈകോർക്കും. എഐ ഇന്നവേഷൻ പ്ലാറ്റ്ഫോം (എഐഐപി) സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇന്ത്യ എഐയും ഐബിഎമ്മും സഹകരിക്കും. സെമി കണ്ടക്ടർ രംഗത്തെ ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഇന്ത്യ സെമികണ്ടക്ടർ മിഷനുമായി കമ്പനി സഹകരിക്കും. നൈപുണ്യ വികസനം, ചിപ് ഡിസൈൻ, നിക്ഷേപം എന്നിവയിലെല്ലാം കൂടുതൽ മുന്നേറാൻ ഇതിലൂടെ സാധിക്കുമെന്നാണു വിലയിരുത്തൽ.

# പലസ്തീനിൽ 3,785 പേർ കൊല്ലപ്പെട്ടുവെന്ന് ഗാസ



**ഗാസ സിറ്റി:** ഹമാസിൻറെ ആക്രമണത്തെ തുടർന്നു ഒക്ടോബർ ഏഴ് മുതൽ ഗാസയിൽ ഇസ്രയേൽ നടത്തിയ പ്രത്യാക്രമണങ്ങളിൽ 3,785 പലസ്തീനികൾ കൊല്ലപ്പെട്ടു. 12,493 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ഗാസയിലെ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

കൊല്ലപ്പെട്ടവരിൽ 1,524 കുട്ടികളും 1,000 സ്ത്രീകളുമാണെന്ന് മന്ത്രാലയ വക്താവ് അഷ്റഫ് അൽ ഖുദ്ര പറഞ്ഞു. ഗാസയിൽ 44 ആരോഗ്യ പ്രവർത്തകർ കൊല്ലപ്പെട്ടതായും നാല് ആശുപത്രികൾ പ്രവർത്തനരഹിതമാണെന്നും 14 അടിസ്ഥാന ആരോഗ്യ സേവനങ്ങളുടെ പ്രവർത്തനം നിർത്തിയതായും അൽ ഖുദ്ര പറഞ്ഞു.

ഗാസയിലെ ഒരു ആശുപത്രിയിലും മരുന്നില്ല. ഗാസയിലേക്കുള്ള സഹായം വേഗത്തിലാക്കാൻ അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർഥിക്കുകയാണെന്നും അഷ്റഫ് അൽ ഖുദ്ര കൂട്ടിച്ചേർത്തു.

## കേന്ദ്ര ഡിഎ 4% കൂട്ടി; സംസ്ഥാന ജീവനക്കാർക്ക് കുടിശിക 18%

**ന്യൂഡൽഹി/തിരുവനന്തപുരം:** കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും (ഡിഎ) പെൻഷൻകാരുടെ ആശ്വാസബത്തയും (ഡിആർ) 4% കൂട്ടി 46% ആക്കാൻ കേന്ദ്രമന്ത്രിസഭായോഗം തീരുമാനിച്ചു. ഇക്കൊല്ലം ജൂലൈ മുതൽ പ്രാബല്യമുണ്ട്. 48.67 ലക്ഷം കേന്ദ്ര ജീവനക്കാർക്കും 67.95 ലക്ഷം പെൻഷൻകാർക്കും പ്രയോജനം ലഭിക്കും. പ്രതിവർഷം 12,857 കോടി രൂപ ഇതിനായി മാറ്റിവയ്ക്കും.

കേന്ദ്രത്തിലേതിന് ആനുപാതികമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇപ്പോൾ 3% ഡിഎ വർധന കിട്ടേണ്ടതാണ്.

എന്നാൽ, 2021 ജനുവരി മുതലുള്ള ഡിഎ കുടിശികയാണ്. ഇപ്പോഴത്തേതും കൂടി ചേർക്കുമ്പോൾ ആകെ 18%. നിലവിൽ 7% ഡിഎ ആണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കു ലഭിക്കുന്നത്.

റെയിൽവേയിലെ 11.07 ലക്ഷം നോൺ ഗസറ്റഡ് ജീവനക്കാർക്കു ബോണസ് അനുവദിച്ചു. 78 ദിവസത്തെ ബോണസായി ഒരാൾക്ക് പരമാവധി 17,951 രൂപ ലഭിക്കും. കേന്ദ്ര മന്ത്രിസഭ ഇതിനായി 1968.87 കോടി രൂപ അനുവദിച്ചു.

ട്രാക്ക് മെയിന്റനർ, ലോക്കോ പൈലറ്റ്, ട്രെയിൻ മാനേജർ (ഗാർഡുമാർ), സ്റ്റേഷൻ മാസ്റ്റർ, സൂപ്പർവൈസർ, ടെക്നിഷ്യൻ, ടെക്നിഷ്യൻ ഹെൽപർ, പോയിന്റ്സ്മാൻ, മിനിസ്റ്റീരിയൽ സ്റ്റാഫ്, മറ്റ് ഗ്രൂപ്പ് സി സ്റ്റാഫ് (ആർപിഎഫ്/ ആർപിഎസ്എഫ് ഉദ്യോഗസ്ഥർ ഒഴികെ) എന്നിവർക്കു ബോണസ് ലഭിക്കും.



# പാവക്കുളം ക്ഷേത്രത്തിൽ പ്രകാശ് ചന്ദ്രന്റെ സംഗീതക്കച്ചേരി നാളെ


പ്രകാശ് ചന്ദ്രൻ

**കൊച്ചി:** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ നവരാത്രി സംഗീതോത്സവത്തോടനുബന്ധിച്ച് പ്രമുഖ ചലച്ചിത്ര സംഗീത സംവിധായകൻ എം.ജയചന്ദ്രന്റെ സഹോദരനും പ്രമുഖ വ്യവസായിയും ഗായകനുമായ എം. പ്രകാശ് ചന്ദ്രന്റെ സംഗീതക്കച്ചേരി നാളെ (ഒക്ടോബർ 21) അരങ്ങേറും. പാവക്കുളം ശ്രീമഹാദേവ ക്ഷേത്രാങ്കണത്തിൽ വൈകിട്ട് ഏഴിന് നാണ് സംഗീതക്കച്ചേരി.

ഇലക്ട്രിക്കൽ എൻജിനീയറിംഗ് ബിരുദ ധാരിയായ പ്രകാശ് ചന്ദ്രൻ ശാസ്ത്രീയ സംഗീതത്തിൽ ഗവേഷണം നടത്തുകയും നിരവധി കച്ചേരികളിലൂടെ തന്റെ മികവ് തെളിയിച്ചിട്ടുള്ള വ്യക്തിയുമാണ്.. രാജ്യാന്തര തലത്തിൽ തന്നെ അറിയപ്പെടുന്ന ബിസിനസ് മാഗ്നെറ്റും ടെക്നോക്രാറ്റുമായ പ്രകാശ് ചന്ദ്രൻ സീമെൻസ് ഇന്റർനാഷണൽ കമ്പനിയുടെ ആദ്യ ഏഷ്യാക്കാരനായ വൈസ് പ്രസിഡന്റുമായിരുന്നു. ഇന്ത്യയിലെ പത്മപുരസ്കാരത്തിന് സമാനമായ മലേഷ്യയുടെ ദത്തുക് പുരസ്കാരം പ്രകാശ് ചന്ദ്രന് 2017 ൽ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരമാണ് സ്വദേശമെങ്കിലും വർഷങ്ങളായി മലേഷ്യയിലാണ് താമസിക്കുന്നത്. മലേഷ്യയിലെ മലയാളി അസോസിയേഷന്റെ വിവിധ പ്രോഗ്രാമുകളിലും പ്രകാശ് ചന്ദ്രൻ സ്ഥിരം സാന്നിധ്യമാണ്.

ചെറുപ്പം മുതലേ സംഗീതത്തെ സ്നേഹിച്ചിരുന്ന പ്രകാശ് ചന്ദ്രൻ പഠനകാലത്ത് ഓട്ടൻതുള്ളൽ,മൃദംഗം,ഘടം തുടങ്ങിയവയിലും നിരവധി സമ്മാനങ്ങൾ നേടിയിരുന്നു.നിരവധി രാജ്യാന്തര വേദികളിലും സംഗീത കച്ചേരികൾ അവതരിപ്പിച്ച് ശ്രദ്ധനേടിയിട്ടുള്ള പ്രകാശ് ചന്ദ്രൻ പ്രമുഖ ചലച്ചിത്ര സംഗീത സംവിധായകൻ എം ജയചന്ദ്രന്റെ മൂത്ത സഹോദരനാണ്.

# ചക്ക സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പാക്കും: മന്ത്രി പി. പ്രസാദ്

**തിരുവനന്തപുരം:** ചക്ക ഉൽപ്പന്നങ്ങളുടെ സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിന് വിവിധ സേവനങ്ങൾ നടപ്പാക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ്. നമ്മുടെ നാട്ടിലെ ചക്കയ്ക്കും ചക്ക ഉൽപ്പന്നങ്ങൾക്കും ആവശ്യക്കാർ ഏറെയുണ്ട്. നമ്മുടെ കാലാവസ്ഥയും, മണ്ണും, ഭൂപ്രകൃതിയും അതിന് കൂടുതൽ സാധ്യത നൽകുന്നു. കൂടുതൽ ഇടങ്ങളിൽ പഴവർഗ്ഗ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നയപരമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊള്ളുകയാണെന്നും മന്ത്രി പറഞ്ഞു. ചക്ക സംരംഭകർക്കായി തിരുവനന്തപുരം സമേതിയിൽ എസ്. എഫ്. എ. സി കേരളയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാർഷിക ഉത്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി കൃഷിവകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി ഉൽപ്പന്നങ്ങളുടെ പാക്കേജിങ്ങുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ കർഷകർക്കായി കേരളത്തിലൊട്ടുക്കും സംഘടിപ്പിക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ഷെൽഫ് ലൈഫ് ലഭിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ ഈ പരിശീലനത്തിലൂടെ കർഷകർക്ക് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ ഒരു പൊതു ബ്രാന്റിൽ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് കേരളാഗ്രോ എന്ന ബ്രാൻഡ് തയ്യാറാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെയും കർഷകരുടെയും ഉൾപ്പെടെ 205 ഉത്പന്നങ്ങൾ ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകളിൽ എത്തിക്കുവാൻ സാധിച്ചു. കർഷകരുടെ കൂടുതൽ ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉറപ്പുവരുത്തി കേരളാഗ്രോ ബ്രാൻഡിൽ വിപണിയിൽ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

ചക്കയുടെ മൂല്യ വർദ്ധനവുമായി ബന്ധപ്പെട്ട ഒരു ഇൻകുബേഷൻ സെന്റർ സ്ഥാപിക്കും. ചക്കയുടെ ഉത്പാദനം, മൂല്യ വർദ്ധനവ്, വിപണനം തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയമായ പഠനം നടത്തും. വൈഗയുടെ ഭാഗമായി ചക്കയുടെ ഒരു പവലിയൻ തയ്യാറാക്കും. ആഗോളതലത്തിലുള്ള ട്രേഡ് ഫെയറുകളിൽ കേരളത്തിന്റെ ചക്ക ഉൽപ്പന്നങ്ങൾ എത്തിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഭക്ഷണത്തിലൂടെ ആവശ്യമായ പോഷകാഹാരം ലഭിക്കാത്തതിനാൽ തന്നെ നിരവധിയായ ജീവിതശൈലി രോഗങ്ങൾ കൂടി വരുന്നെന്ന് ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു. കേരളത്തിലെ ജനതയ്ക്ക് ആവശ്യമായ പോഷകാഹാരം ഒരുക്കുന്നതിനായി കൃഷിവകുപ്പ് പോഷക സമൃദ്ധി മിഷൻ ആരംഭിച്ചു.

# കാർബൂട്ട് സെയിൽ: വ്യാപാരികൾ മേയർക്കും ജിസിഡിഎ ചെയർമാനും നിവേദനം നൽകി

**നിലവിലുള്ള വ്യാപാരി സമൂഹത്തിനും കൂടി ആനുകൂല്യങ്ങൾ നൽകാതെ കാർബൂട്ട് സെയിൽസ് എന്ന പേരിൽ വഴിവാണിഭം നടത്താൻ ജി.സി.ഡി.എയോ, കൊച്ചി കോർപ്പറേഷനോ ശ്രമിച്ചാൽ എന്ത് വിലകൊടുത്തും തടയുമെന്നും പി.സി.ജേക്കബ് പറഞ്ഞു.**

**കൊച്ചി :** കൊച്ചി കോർപ്പറേഷന്റെയും വിശാല കൊച്ചി അതോറിട്ടിയുടെയും (ജിസിഡിഎ) പിന്തുണയിൽ സംസ്ഥാനത്ത് ആദ്യമായി ആരംഭിക്കുന്ന കാർബൂട്ട് സെയിലിന് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംസ്ഥാനത്തെ മുഴുവൻ വ്യാപാരികൾക്കും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വ്യാപാരികൾ കൊച്ചി മേയർക്കും ജിസിഡിഎ ചെയർമാനും നിവേദനം നൽകി. അടുത്ത മാസം ആദ്യം മുതലാണ് കൊച്ചിയിൽ കാറിന്റെ ഡിക്കിയിൽ ഉത്പന്നങ്ങളും സേവനങ്ങളും വിൽപ്പനയ്ക്ക് വയ്ക്കുന്ന പുതിയ വിൽപ്പന രീതിയായ കാർബൂട്ട് സെയിൽസ് സംസ്ഥാനത്ത് തുടങ്ങുന്നത്.

തെരുവോര കച്ചവടത്തിന്റെ അംഗീകൃത രൂപമാണിത്.തെരുവോര കച്ചവടക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും തങ്ങൾക്കും അനുവദിക്കണമെന്നാണ് വ്യാപാരികളുടെ ആവശ്യം. ചെറുകിട ഇടത്തരം കച്ചവടക്കാർക്ക് ഇതിലൂടെ കെട്ടിട നികുതി, കെട്ടിട വാടക, ലൈസൻസ് ഫീസ്, തൊഴിലാളി ക്ഷേമ നിധി, എഫ്.എസ്.എസ്.എ.ഐ ലൈസൻസ്, ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ , ജി.എസ്.ടി , വൈദ്യുതി കണക്റ്റഡ് ലോഡിനുള്ള സെക്യൂരിറ്റി, മാസാമാസമുള്ള വൈദ്യുതി ചാർജ്, ഉദ്യോഗസ്ഥരുടെ കടകൾ കയറിയുള്ള പരിശോധനകൾ എന്നിവയിൽ നിന്നെല്ലാം ആശ്വാസം ലഭിക്കും. പൊതുജനങ്ങളിൽ നിന്നും നികുതി പിരിച്ച് സർക്കാരിന് നൽകുക എന്ന ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്നും വ്യാപാര സമൂഹത്തിന് മോചനം ലഭിക്കുമെന്നത് ആശ്വാസകരമാണെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി.സി.ജേക്കബ് പറഞ്ഞു. നിലവിലുള്ള വ്യാപാരി സമൂഹത്തിനും കൂടി ആനുകൂല്യങ്ങൾ നൽകാതെ കാർബൂട്ട് സെയിൽസ് എന്ന പേരിൽ വഴിവാണിഭം നടത്താൻ ജി.സി.ഡി.എയോ, കൊച്ചി കോർപ്പറേഷനോ ശ്രമിച്ചാൽ എന്ത് വിലകൊടുത്തും തടയുമെന്നും പി.സി.ജേക്കബ് പറഞ്ഞു.

## ആശങ്കകൾ പരിഹരിക്കുമെന്ന് സംഘാടകർ

**കൊച്ചി:** കാർബൂട്ട് വിൽപനയിലൂടെ ലക്ഷ്യമിടുന്നത് ജിസിഡിഎയ്ക്കുള്ള അധിക വരുമാനവും സർക്കാരിനുള്ള നികുതി വരുമാന വർധനവുമെന്ന വിശദീകരണവുമായി സംഘാടക സ്ഥാപനം. എറണാകുളം സ്റ്റേഡിയം പാർക്കിങ് ഗ്രൗണ്ടിൽ മാസത്തിൽ രണ്ടോ മൂന്നോ ദിവസം കാർ ബൂട്ട് വിൽപന നടത്തുന്നതു ലക്ഷ്യമിട്ടു പരീക്ഷണം നടന്നതിനു പിന്നാലെ വിമർശനം ഉയർന്നതോടെയാണ് കൊച്ചി കേന്ദ്രീകരിച്ചുള്ള ഡയഗൺ വെഞ്ചേഴ്സ് വിശദീകരണവുമായി എത്തിയിട്ടുള്ളത്.അധികൃതരുമായി ഇടപെട്ട് വ്യാപാരികളുടെയും മറ്റു വ്യവസായികളുടെയും ആശങ്കകൾ പരിഹരിച്ചു മാത്രമായിരിക്കും മുന്നോട്ടു പോകുക. സർക്കാരിനോ വ്യാപാരികൾക്കോ യാതൊരു ബുദ്ധിമുട്ടും ഇല്ലാതെയാവും പദ്ധതി നടപ്പാക്കുകയെന്ന് കാർബൂട്ട് വിൽപ്പന കോഓഡിനേറ്റർ ജിജി പുളിക്കാവിൽ പറഞ്ഞു.

# ലക്ഷങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുമെന്ന് മന്ത്രി ബാലഗോപാൽ




**കൊല്ലം:** ചെറുഗ്രാമങ്ങളിലേത് ഉൾപ്പെടെ ചെറുപ്പക്കാർക്ക് അവസരങ്ങളുടെ വലിയനിര ഒരുക്കി ലക്ഷങ്ങൾക്ക് തൊഴിൽ ഉറപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ് സംസ്ഥാന സർക്കാരെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ, കുളക്കട അസാപ് സ്കിൽ പാർക്ക് ക്യാമ്പസിൽ ആഗോള അക്കൗണ്ടിങ് കമ്പനിയായ ജിആർ 8 അഫിനിറ്റി സർവീസസ് എൽഎൽപിയുടെ പ്രാദേശിക കേന്ദ്രം നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി.

കൊമേഴ്സ് ബിരുദധാരികൾക്ക് തൊഴിൽസാധ്യതയുടെ വാതിലുകൾ തുറന്നാണ് കമ്പനി എത്തുന്നത്. അമേരിക്കയിലെ അക്കൗണ്ടിങ്മേഖലയിലേക്ക് എന്റോൾഡ് ഏജന്റുമാരെ പരിശീലിപ്പിക്കുന്നത് അസാപ് തുടങ്ങിയ പശ്ചാത്തലത്തിൽ ഇവിടെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കമ്പനി തൊഴിലവസരം ഒരുക്കും. കുളക്കട അസാപ സ്കിൽപാർക്ക് സെന്ററിൽ ആദ്യം പരിശീലനം ലഭിച്ച 25 പേർക്കും പ്ലെയിസ്മെന്റ് കിട്ടി. ഇവരിൽ 18 പേരെയാണ് ജിആർ 8 ശാഖയിലേക്ക് തെരഞ്ഞെടുത്തത്. കമ്പനി എല്ലായിടത്തും നൽകുന്ന അതേശമ്പളവും ആനുകൂല്യങ്ങളും ഉറപ്പാക്കിയിട്ടുമുണ്ട്.

ഐ ടി അധിഷ്ഠിത തൊഴിൽസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയാണിപ്പോൾ. ആധുനിക സൗകര്യങ്ങൾ എല്ലായിടത്തും ആവശ്യാനുസരണം ഏർപ്പെടുത്തുന്നു. വിപുലീകരണവും ആവശ്യകതയ്ക്ക് അനുസൃതമായി നടത്തും എന്നും മന്ത്രി പറഞ്ഞു.

അസാപ് സി എം ഡി ഡോ ഉഷ ടൈറ്റസ് അധ്യക്ഷയായി. കമ്പനിയുടെ സി ഇ ഒ ഫ്രാങ്ക് പാട്രി, ഡയറക്ടർ അനീഷ് നങ്ങേലിൽ, എച്ച് ആർ മേധാവി അനന്തേഷ് ബില്ലവ, ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ സജി ഗോപിനാഥ്, കേരള സ്റ്റാർട്ട് അപ് മിഷൻ സി ഇ ഒ അനൂപ് അംബിക, കുളക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ. സജിമോൻ, മറ്റു ജനപ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. വിവിധ സ്ഥാപനങ്ങളുമായുള്ള ധാരണാപത്രം മന്ത്രിക്ക് കൈമാറി.



# കാലാവസ്ഥ വിനയായി; ഷെൻ ഹുവ മടങ്ങിയില്ലെങ്കിൽ നഷ്ടപരിഹാരം നൽകേണ്ടിവരും

**വിഴിഞ്ഞം:** കാലാവസ്ഥയും അധികൃതരുടെ തീരുമാനങ്ങളും വിനയായി. വിഴിഞ്ഞം തുറമുഖ നിർമാണത്തിനു കൊണ്ടുവന്ന ക്രെയിനുകൾ ഇറക്കിയശേഷം നാളെയെങ്കിലും തീരം വിടാമെന്ന ഷെൻ ഹുവാ 15ൻറെ കാര്യത്തിൽ തിരിച്ചടിയായി.

വൈകുന്ന ഓരോ ദിവസത്തിനും 25,000 ഡോളർ വീതം വിഴിഞ്ഞം തുറമുഖ കമ്പനി നഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥ. ഇക്കഴിഞ്ഞ 15ന് ആഘോഷപൂർവം വരവേൽപ്പ് നൽകിയെങ്കിലും പെട്ടെന്ന് മാറിയ കാലാവസ്ഥയും തുറമുഖം ഉദ്ഘാടനം കഴിയാത്തതിനാൽ ചൈനയിൽ നിന്നുള്ള വിദഗ്ദതൊഴിലാളികളെ കരയിൽ ഇറക്കാൻ കഴിയില്ലെന്ന ഫോറിനേഴ്സ് റീജണൻ രജിസ്ടേഷൻ ഓഫീസ് അധികൃതരുടെ തീരുമാനവും പ്രശ്നമായി.

കൂറ്റൻ കപ്പലിനെ തുറമുഖ വാർഫിന് സമാന്തരമായി താഴ്ത്തിയ ശേഷം പ്രത്യേകം തയാറാക്കിയിട്ടുള്ള പാളത്തിലൂടെ വേണം ക്രെയിനുകൾ ഇറക്കാൻ. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ കടൽക്ഷോഭവും അടിയൊഴുക്കും ദൗത്യത്തിന് വിലങ്ങുതടിയായി. ചൈനീസ് വിദഗ്ദർക്കൊപ്പം അദാനിയുടെ വിദഗ്ദ തൊഴിലാളികളും ചേർന്നാണ് ക്രെയിനുകൾ വാർഫിൽ ഇറക്കേണ്ടത്.

എന്നാൽ കപ്പലിൽ ഉണ്ടായിരുന്ന പന്ത്രണ്ട് വിദഗ്ധ ചൈനീസ് തൊഴിലാളികളെ കരയിൽ ഇറങ്ങാനും അധികൃതർ അനുവദിച്ചില്ല. ഇവരുടെ സഹായമില്ലാതെ ക്രെയിനുകൾ പുറത്തിറക്കാൻ കഴിയില്ലെന്നു മനസിലാക്കിയ തുറമുഖ നിർമാതാക്കൾ കൊച്ചിയിലെ കപ്പൽ ഏജൻസി മുഖാന്തിരം ബന്ധപ്പെട്ടവർക്ക് പരാതി നൽകി. ഇതിൻറെ അടിസ്ഥാനത്തിൽ മൂന്ന് വിദഗ്ദർക്ക് വാർഫിൽ ഇറങ്ങാനുള്ള അനുമതി ലഭിച്ചു. ചെറുതും വലുതുമായ മൂന്ന് ക്രെയിനുകൾ ഇറക്കണമെങ്കിൽ അഞ്ച് ദിവസമെങ്കിലും വേണ്ടിവരുമെന്ന് അധികൃതർ പറയുന്നു.

കാലാവസ്ഥാ വിഭാഗത്തിൻറെ സൈക്ലോൺ മുന്നറിയിപ്പുള്ളതിനാൽ ക്രെയിനുകൾ എപ്പോൾ ഇറക്കാനാകുമെന്ന കാര്യത്തിലും വ്യക്തതയില്ല. തെളിഞ്ഞ അന്തരീക്ഷത്തിൽ ഇക്കഴിഞ്ഞ 12നാണ് ഷെൻ ഹുവ വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടത്.

# കുഴുപ്പിള്ളി ബീച്ചിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജ്

**വൈപ്പിൻ:** വിനോദ സഞ്ചാരികളെ ആകർഷിക്കാൻ ജില്ലയിൽ ആദ്യത്തെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് കുഴുപ്പിള്ളി ബീച്ചിൽ ഒരുങ്ങുന്നു. കടലിലേക്ക് ഇറങ്ങിച്ചെന്ന് കടലിൻറെ ഭംഗി ആസ്വദിക്കുന്നതോടൊപ്പം തിരമാലകൾക്കൊപ്പം പൊങ്ങിയും താഴ്ന്നും കടലിൻറെ ചാഞ്ചാട്ടവും അനുഭവിച്ചറിയാനും കഴിയുന്നതാണ് ഫ്ലോട്ടിംഗ് ബ്രിഡ്ജ്. നിർമാണം ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാകും.



സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി ടൂറിസം വകുപ്പാണ് കടൽപ്പാലം ഒരുക്കുന്നത്. സംസ്ഥാനത്ത് ഒമ്പത് ജില്ലകളിലാണ് ഇത്തരത്തിലുള്ള ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ ഒരുക്കുന്നത്. ഇതിൽ ജില്ലയിൽ ആദ്യത്തേതാണ് കുഴുപ്പിള്ളി ബീച്ചിലേത്. 1,30,00000 രൂപയോളമാണ് ചെലവ്. ലൈഫ്ജാക്കറ്റ് ധരിച്ച് മാത്രമെ പ്രവേശനം അനുവദിക്കൂ. വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ പരിശീലിച്ച ലൈഫ് ഗാർഡുകളെയും ഏർപ്പെടുത്തും. ഒരേസമയം 50 പേർക്ക് പാലത്തിൽ കയറാൻ കഴിയും.

നിലവിൽ ചാവക്കാട്, താനൂർ, ബേക്കൽ, ബേപ്പൂർ, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിലാണ് ഇത്തരം സംവിധാനമുള്ളത്. വൈകാതെ ആലപ്പുഴ, തലശേരി, കോവളം എന്നിവിടങ്ങളിലും സജ്ജമാക്കും.

തൃശൂർ എഫ്എം മറിയം കമ്പനിയാണ് പാലം നിർമിക്കുന്നത്. ഡിടിപിസിക്കാണ് നടത്തിപ്പ് ചുമതല. പാലം ഒരാഴ്ചക്കുള്ളിൽ സന്ദർശകർക്കായി തുറന്ന് കൊടുക്കും.

# കൃഷിക്ക് ഒപ്പം കളമശ്ശേരി രണ്ടാംഘട്ടത്തിന് തുടക്കമായി; ഏലൂരിൽ കുടുംബകൃഷി പ്രോത്സാഹിപ്പിക്കും

**കളമശ്ശേരി:** സമഗ്ര കാർഷിക വികസനം ലക്ഷ്യമിട്ട് കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കൃഷിക്ക് ഒപ്പം കളമശ്ശേരി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി.

പദ്ധതിയുടെ ഭാഗമായി ഏലൂർ മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന കുടുംബങ്ങളെ ചേർത്ത് കുടുംബകൃഷി പ്രോത്സാഹിപ്പിക്കും. ഒന്നര സെൻ്റ് സ്ഥലമോ 60 ചതുരശ്ര മീറ്റർ ടെറസോ ഉള്ളവർക്ക് വിവിധയിനം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനാണ് കുടുംബ കൃഷിയിലൂടെ ലക്ഷ്യമിടുന്നത്. നാട്ടിൽ വിഷരഹിത പച്ചക്കറികൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് അടുക്കളത്തോട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് പ്രതിനിധികൾ, സഹകരണ ബാങ്ക് പ്രതിനിധികൾ, കൃഷി ഓഫീസർമാർ എന്നിവരെ മുഖ്യഭാരവാഹികളാക്കി ക്ലസ്റ്റർ രൂപീകരണം പുരോഗമിക്കുകയാണ്. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തല മോണിറ്ററിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മാതൃക തോട്ടങ്ങൾ കണ്ടെത്തിയാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ മുന്നോട്ടുപോകുക.

ഓരോ പഞ്ചായത്തിലും ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളുടെ കൃത്യമായ വിവരങ്ങൾ അനുസരിച്ചുള്ള വിപണന ശൃംഖല സാധ്യമാക്കുകയും സ്ഥിരമായ വരുമാനം ലഭ്യമാക്കുകയുമാണ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് കാർഷിക അറിവുകളുടെ നേർക്കാഴ്ചയായി ഡെമോൺസ്ട്രേഷൻ പ്ലോട്ടുകളും ഓരോ ക്ലസ്റ്ററിലും ഉണ്ടാകും.

ആലങ്ങാട്, കടുങ്ങല്ലൂർ, ഏലൂർ, കരുമാലൂർ, കളമശ്ശേരി എന്നിവിടങ്ങളിൽ ക്ലസ്റ്റർ രൂപീകരണം പൂർത്തിയായി. ഒക്ടോബർ 20ന് കുന്നുകര പഞ്ചായത്തിൽ യോഗം ചേർന്ന് കമ്മിറ്റി രൂപീകരിക്കും

# ആധുനീകരണത്തിലൂടെ സമ്പാദ്യശീലം വളർത്തും: മന്ത്രി

**കൊട്ടാരക്കര:** മൊബൈൽ ആപ്ലിക്കേഷനുകൾ ഉൾപ്പെടുന്ന ആധുനീകരണത്തിലൂടെ കേരളത്തിലെ പുതുതലമുറയുടെ സമ്പാദ്യശീലം വർധിപ്പിക്കുകയാണ് സർക്കാർ എന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. കൊട്ടാരക്കര ഹൈലാൻഡ് ഓഡിറ്റോറിയത്തിൽ കെ എസ് എഫ് ഇയുടെ സംസ്ഥാനതല മെഗാ സമ്മാനവിതരണവും മേഖലാതല സമ്മാനവിതരണവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പൊതുമേഖലാ ധനകാര്യസ്ഥാപനമായ കെ എസ് എഫ് ഇ ലക്ഷ്യംമറികടന്നും ഇടപാടുകൾ നടത്തി വിശ്വാസ്യതയിൽ എന്നും മുന്നിലുള്ളതിന്റെ കാരണമാണ് വ്യക്തമാക്കുന്നത്. ഇവിടെ നടത്തുന്ന നിക്ഷേപം നാടിന് തന്നെയാണ് മുതൽക്കൂട്ടാകുന്നത്. മറ്റിടങ്ങളിൽ സാന്നിദ്ധ്യമുള്ള ധനകാര്യസ്ഥാപനങ്ങളുടെ തട്ടിപ്പിന് ഇരയാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. എ ജി ഉൾപ്പടെ മൂന്ന് തട്ടിലുള്ള ഓഡിറ്റിംഗാണ് കെ എസ് എഫ് ഇയിലുള്ളത്. സർക്കാർ ഗ്യാരന്റി എന്ന വലിയ സുരക്ഷയുണ്ട് ഇവിടുത്തെ നിക്ഷേപങ്ങൾക്ക്.

ഏറ്റവും മികച്ച് സേവനവേതന വ്യവസ്ഥയാണ് ഇവിടെ നടപ്പിലാക്കുന്നതും. രണ്ടര വർഷത്തിനുള്ളിൽ 1500 പേർക്ക് നിയമനവും നൽകാനായി. 77000 കോടി രൂപയുടെ വിറ്റുവരവും 25 ലക്ഷത്തിലധികം ചിട്ടികളും 51 ലക്ഷത്തിലേറെ ഇടപാടുകാരുമാണ് കരുത്ത്.

സമാനമാണ് സഹകരണമേഖലയിലെ നിക്ഷേപസുരക്ഷയും. ഒറ്റപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കർശന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. നാടിന്റെ നിലനിൽപ്പിന് സഹകരണമേഖലയുമായി കൈകോർക്കുന്നതാണ് ഉചിതം. രണ്ടര ലക്ഷം കോടിരൂപയാണ് മേഖല കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഒരു കോടിരൂപയുടെ സമ്മാനം ഉൾപ്പടെ പ്രകൃതിസൗഹൃദ വാഹനങ്ങളും ചേർത്ത് ഇക്കൊല്ലം ഏറ്റവും വലിയ സമ്മാനങ്ങളാണ് കെ എസ് എഫ് ഇ നടപ്പിലാക്കിയതെന്നും പുതിയ ചിട്ടി പദ്ധതികൾകൂടി നടപ്പിലാക്കി കൂടുതൽ വളർച്ച സാധ്യമാക്കുമെന്നും അധ്യക്ഷനായ ചെയർമാൻ കെ വരദരാജൻ പറഞ്ഞു.

കൊട്ടാരക്കര നഗരസഭ അധ്യക്ഷൻ എസ് ആർ രമേശ്, കെ എസ് എഫ് ഇ മാനേജിംഗ് ഡയറക്ടർ സനിൽ, മെഗാസമ്മാനജേതാക്കളായ ജയകുമാർ, നൗഷാദ്, ജനപ്രതിനിധികൾ, രാഷ്ട്രീകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# തൊടുപുഴ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം നീളുന്നു



**തൊടുപുഴ:** നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം വൈകുന്നു. മങ്ങാട്ടുകവല ബസ് സ്റ്റാൻഡിൽ നിർമിച്ച ഷോപ്പിംഗ് കോംപ്ലക്സിൻറെ ഉദ്ഘാടനമാണ് അനന്തമായി നീളുന്നത്. 2018 ലാണ് മങ്ങാട്ടുകവലയിൽ നഗരസഭയുടെ ബസ് സ്റ്റാൻഡിനോട് അനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സിൻറെ കെട്ടിടനിർമാണം ആരംഭിച്ചത്.

2019ൽ ഏതാനും ഭാഗങ്ങളുടെ നിർമാണം പൂർത്തീകരിച്ച് 2020ൽ മുൻ ഭരണ സമിതി ഉദ്ഘാടനവും നടത്തി. മൂന്നു നിലകളിലായി 42 മുറികളാണ് നിർമാണം പൂർത്തിയായി വരുന്നത്. ഇതിൽ 25 മുറികൾ നിലവിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭയുടെ തനത് വരുമാന വർധന, മങ്ങാട്ടുകവല പ്രദേശത്തിൻറെ സമഗ്രമായ വികസനം എന്നിവ ലക്ഷ്യമിട്ട് വിഭാവനം ചെയ്തതായിരുന്നു പദ്ധതി.

ഒൻപത് കോടിയാണ് പദ്ധതിക്കായി ചെലവഴിച്ചത്. ഇതിനുള്ള പണം വായ്പയായിട്ടാണ് ലഭ്യമാക്കിയതും. പദ്ധതി പൂർത്തീകരണം വൈകിയതോടെ മുതലും പലിശയും അടക്കം ഭീമമായ തുകയാണ് നഗരസഭ തിരിച്ചടച്ചത്. ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ എത്തിയതോടെ വായ്പ തുക പൂർണമായും തിരിച്ചടച്ചു.

മുറികൾ വാടകയ്ക്ക് നൽകിയാൽ 1.12 കോടി വാടകയായി ലഭിക്കും എന്നാണ് നഗരസഭയുടെ പ്രതീക്ഷ. 15,000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ 30,000 ലിറ്റർ ടാങ്കാണ് ഇവിടെ ആവശ്യം എന്ന കാരണത്താൽ അഗ്നിസുരക്ഷ സേനാവിഭാഗം എൻഒസി നൽകാത്തതും പ്രതിസന്ധിയാണ്.

നിർമാണത്തിനു നേതൃത്വം നൽകിയ നഗരസഭ എൻജിനിയറിംഗ് വിഭാഗത്തിൻറെ വീഴ്ചയായാണ് പറയപ്പെടുന്നത്. ഇപ്പോൾ കൂടുതൽ അളവിലുള്ള പുതിയ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇതിൻറെ പെയിൻറിംഗ് ജോലികൾ ഉടൻ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് അധികൃതർ. ലിഫ്റ്റും മുറ്റത്ത് ടൈൽ വിരിക്കാനുള്ള ജോലികളും പൂർത്തിയാകാനുണ്ട്. റോഡിൽനിന്ന് ഇവിടേക്ക് എത്തിച്ചേരാൻ ഓടയ്ക്ക് മുകളിൽ സ്ലാബും സ്ഥാപിക്കണം. ഇതിന് 68 ലക്ഷം രൂപ അടുത്ത നാളിൽ നഗരസഭ അനുവദിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന പദ്ധതിയെന്ന നിലയിൽ ബാക്കി നിർമാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് അധികൃതർ.

ഡിസംബറോടെ കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നാണ് നഗരസഭാ അധികൃതർ പറയുന്നത്. ഷോപ്പിംഗ് കോംപ്ലക്സിലുള്ള എല്ലാ മുറികളും ലേലം ചെയ്ത് വാടകയ്ക്ക് നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് നഗരസഭാ ചെയർമാൻ പറഞ്ഞു.



# വല്ലാർപാടത്തും വന്നു കൂറ്റൻ ക്രെയിനുകൾ

**കൊച്ചി:** വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിൻറെ രണ്ടാംഘട്ട വികസനത്തിനായുള്ള നാല് ഗാൻട്രി ക്രെയിനുകൾ സിംഗപ്പൂരിൽനിന്ന് കൊച്ചിയിൽ എത്തിച്ചു. ഇവകൂടാതെ രണ്ട് മെഗാ മാക്സ് ക്രെയിനുകൾ കൂടി ഡിസംബറിൽ എത്തും. ഇതോടെ വല്ലാർപ്പാടം ടെർമിനലിലെ ആകെയുള്ള മെഗാ മാക്സ് ക്രെയിനുകൾ ആറെണ്ണമായി ഉയരും. 85 കോടി നിക്ഷേപത്തിൽ കൊച്ചി ഇൻറഗ്രേറ്റഡ് ബിസിനസ് പാർക്ക് എന്ന പേരിൽ സംസ്ഥാനത്തെ തന്നെ ആദ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോണും വല്ലാർപ്പാടത്ത് ഒരുങ്ങുന്നുണ്ട്.

ഒരു വർഷത്തിനുള്ളിൽ ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോണും യാഥാർഥ്യമാകുന്നതോടെ വല്ലാർപ്പാടത്തെ കണ്ടെയ്നർ കൈകാര്യ ശേഷിയും ഒപ്പം ഇവിടുത്തെ ബിസിനസ്സും വർധിക്കുമെന്നാണ് പ്രതീക്ഷ.

വല്ലാർപ്പാടം ടെർമിനൽ നടത്തിപ്പ് ചുമതലയുള്ള ദുബായ് പോർട്ട് വേൾഡ് ആണ് ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോണും വല്ലാർപാടത്ത് സ്ഥാപിക്കുന്നത്.

ടെർമിനലിനോടുചേർന്ന് 1.2 ലക്ഷം ചതുരശ്രയടി വിസ്തൃതിയിലാണ് സോൺ സജ്ജീകരിക്കുക. അതേസമയം തുറമുഖ ടെർമിനലിൻറെ ഭാഗമായി ഇന്ത്യയിൽ സ്ഥാപിക്കുന്ന ആദ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോൺ കൂടിയാണിത്.



# കാഞ്ഞിരപ്പുഴ ഡാമിൻറെ രണ്ടാം ഘട്ട നവീകരണത്തിന് 15 കോടി

**മണ്ണാർക്കാട്:** കാഞ്ഞിരപ്പുഴ ഡാം നവീകരണത്തിൻറെ ഭാഗമായി ഡാം റിഹാബിലിറ്റേഷൻ ഇംപ്രൂവ്മെൻറ് പ്രോഗ്രാം രണ്ടാം ഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപ അനുവദിച്ചു. ലോക ബാങ്ക് സഹായത്തോടെ വിവിധ പദ്ധതികൾക്കായി തുക ചെലവഴിക്കും. മൂന്നു കോടി രൂപ ടൂറിസത്തിനായി മാറ്റി വച്ച് 12 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. 6.374 കോടി രൂപക്ക് സാങ്കേതിക അനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ ഉൾപ്പെടുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കർണാടകയിലെ രത്നഗിരിയിലുള്ള ബാലാജി കൺസ്ട്രക്ഷൻ കമ്പനിയാണ് പ്രവൃത്തികൾക്കായി കരാർ ഏറ്റെടുത്തിട്ടുള്ളത്. കാഞ്ഞിരപ്പുഴ പ്രദേശത്തെ ജനങ്ങളുടെ ചിരകാല സ്വപ്നമായ ബസ് സ്റ്റാൻഡിനായി തുക മാറ്റിവച്ചിട്ടുണ്ട്.

ഇൻറർലോക്ക് പതിച്ച ബസ് പാർക്കിംഗ് , പബ്ലിക് ടോയ്‍ലറ്റ് സൗകര്യം തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെയാണ് ബസ് സ്റ്റാൻഡ് നിർമിക്കുക. ഇതിനായി ഏകദേശം 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തി തുടങ്ങുന്നതിനായി കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്.

18 മാസമാണ് പൂർത്തീകരണ കാലാവധി. കൂടാതെ ചെക്ക്ഡാമിന് ഇരുവശവും നവീകരിച്ച് നടപ്പാത നിർമാണം, ഉദ്യാനത്തിനോട് ചേർന്ന് ഗാലറിയിലേക്ക് ഇൻറർലോക്ക് റോഡ്, കൺട്രോൾ റൂം, വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം പമ്പ് ചെയ്യുന്നതിനായി സ്ഥിരം സംവിധാനമൊരുക്കൽ, ഡാമിൻറെ മണ്ണിനടിയിൽ (കുറച്ച് ഭാഗം) പുല്ല് പതിക്കൽ, എന്നീ സൗകര്യങ്ങളാണ് നിലവിൽ നടപ്പാക്കുന്നത്. ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ നടന്നത് 2016 2019 കാലഘട്ടത്തിലാണ്. 18 കോടി രൂപയാണ് ചെലവഴിച്ചിരുന്നത്. ഇതിൽ ഡാമിൻറെ ചോർച്ച അടക്കൽ, ചുറ്റുമതിൽ നിർമാണം, സുരക്ഷാവേലി, ഡാമിനുമുകളിലെ റോഡ് ടാറിംഗ്, ഷട്ടറിൻറെ അറ്റകുറ്റപണികൾ, പെയിൻറിംഗ് എന്നിവയാണ് നടന്നിരുന്നത്.

# ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഡെങ്കി പനി പടരുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. മഴ ഇടവിട്ട് പെയ്യുന്നതിനാൽ ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഡ്രൈ ഡേ ആചരണത്തിൽ ശ്രദ്ധ ചെലുത്തണം. വെള്ളം കെട്ടിനിന്ന് ഈഡിസ് കൊതുക് പെരുകാനുള്ള സാഹചര്യം ഇല്ലാതാക്കുകയാണ് ഡെങ്കിപ്പനി പ്രതിരോധിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗം . ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ പരമാവധി സഹകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർത്ഥിച്ചു.

വീട്ടിനകത്തും പുറത്തും കൊതുക് മുട്ടയിട്ട് പെരുകാൻ ഉള്ള സാഹചര്യങ്ങൾ നിരവധിയാണ്. ഫ്രിഡ്ജിന്റെ പുറകിലെ ട്രെ, ചെടിച്ചട്ടിയുടെ അടിയിൽ വച്ചിരിക്കുന്ന പാത്രങ്ങൾ, വെള്ളത്തിൽ വളർത്തുന്ന അലങ്കാര ചെടി പാത്രങ്ങൾ , ഉപയോഗിക്കാത്ത ക്ലോസറ്റ് എന്നിവിടങ്ങളിൽ കൊതുകിന്റെ കൂത്താടികൾ വളരുന്നില്ല എന്ന് ഉറപ്പാക്കുക. വീടിന്റെ പുറത്ത് ഉപയോഗശൂന്യമായ പാത്രം, ചിരട്ട, കുപ്പി ,ടയർ , ആട്ടുകല്ല്, ഉരൽ ,ക്ലോസറ്റുകൾ , വാഷ്ബേസിനുകൾ തുടങ്ങിയവ അലക്ഷ്യമായി ഇടാതെ വെള്ളം വീഴാത്ത വിധത്തിൽ സൂക്ഷിക്കുക. ടെറസ്, സൺഷേഡ്, റൂഫിന്റെ പാത്തി , മഴ മറയായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ് തുടങ്ങിയവയിൽ വെള്ളം കെട്ടി നിൽക്കാതെ സൂക്ഷിക്കുക. വെള്ളം ശേഖരിക്കുന്ന പാത്രങ്ങളും, ടാങ്കുകളും കൊതുകുകൾ കടക്കാത്ത വിധം മൂടി സൂക്ഷിക്കുക. തോട്ടങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യമില്ലെന്ന് ഉടമകൾ ഉറപ്പാക്കുക.കൊതുകുകടി ഏൽക്കാതിരിക്കാൻ കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക, ശരീരം മൂടുന്ന വിധത്തിൽഇളം നിറത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുക, ജനൽ, വാതിൽ എന്നിവിടങ്ങളിലൂടെ കൊതുക് കടക്കാതെ കൊതുക് വല ഘടിപ്പിക്കുക , പകൽ ഉറങ്ങുമ്പോഴും കൊതുകുവല ഉപയോഗിക്കുക തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർത്ഥിച്ചു.

# 2027ഓടെ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയാകും: കേന്ദ്രമന്ത്രി സ്മൃതി ഇറാനി



**കൊച്ചി:**ആഗോള പ്രഖ്യാപനങ്ങൾ അനുസരിച്ച്, 2027ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറുമെന്ന് കേന്ദ്ര വനിതാശിശു വികസന, ന്യൂനപക്ഷകാര്യ മന്ത്രി സ്മൃതി സുബിൻ ഇറാനി പറഞ്ഞു. അന്താരാഷ്ട്ര നാണയ നിധി (ഐഎംഎഫ്) ഇന്ത്യയുടെ വളർച്ചാ പ്രവചനം 6.1% ൽ നിന്ന് 6.3% ആയി പരിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) 6.5% വളർച്ച പ്രവചിച്ചിരുന്നു, ഇത് ഇന്ത്യൻ സാധ്യതയെ കൂടുതൽ വെളിവാക്കുന്നതായും അവർ പറഞ്ഞു . 2027 മുതൽ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറുമെന്ന് ഉറപ്പാണ്, മന്ത്രി കൂട്ടിച്ചേർത്തു.മനോരമ ന്യൂസ് കോൺക്ലേവ് 2023 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.ബാലപീഡന കേസുകളെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയവേ, ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്, 80% അതിക്രമങ്ങളും കുട്ടിക്ക് കുടുംബത്തിനുള്ളിൽ നിന്നോ സുഹൃത്ത് വലയത്തിൽ നിന്നോ അറിയാവുന്ന ആളുകളിൽ നിന്നോ എന്നതാണ് എന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസുമായി (നിംഹാൻസ്) സഹകരിച്ച് നിയമ സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്കായി വനിതാ ശിശു വികസന മന്ത്രാലയം രാജ്യത്തുടനീളം കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. അത്തരം കുട്ടികളെ പരിചരിക്കുന്നവരിലേക്കും സേവനങ്ങൾ വിപുലീകരിച്ചതായും, മാനസികാഘാതം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവര്ക് അറിവ് പകരാൻ ഇത് സഹായിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.ഇത്തരം വിഷയങ്ങളിൽ കേന്ദ്രസർക്കാരിന്റെ വിവിധ സംരംഭങ്ങളുടെ ഉദാഹരണം ചൂണ്ടിക്കാട്ടി, രാജ്യത്തുടനീളം 1036 അതിവേഗ കോടതികൾ സ്ഥാപിക്കും. അതിൽ 400 എണ്ണം പോസ്കോ കേസുകൾക്കാണെന്നും മന്ത്രി പറഞ്ഞു .കുട്ടികളെ കാണാതാകുന്ന കേസുകളിൽ, ഓരോ കുട്ടിയും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി ഉറപ്പാക്കിയതായും , അതോടെ ഓരോ ജില്ലാ മജിസ്ട്രേറ്റിനും പോലീസ് സൂപ്രണ്ടിനും കുട്ടിയുടെ സംരക്ഷണം ഉറപ്പാക്കാനുള്ള ചുമതലകളുണ്ട് എന്നും കേന്ദ്രമന്ത്രി സ്മൃതി ഇറാനി കൂട്ടിച്ചേർത്തു.ജി 20 യിൽ സ്ത്രീകളുടെ അജണ്ടയ്ക്ക് പ്രാധാന്യം ലഭിക്കുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ, വിഷയം എല്ലായ്പ്പോഴും പാർശ്വവത്കരിക്കപ്പെട്ടിരുന്നു എന്നും അതിനെ മുഖ്യധാരയുടെ ഭാഗമാക്കിയത് പ്രധാനമന്ത്രിയുടെ ശ്രമങ്ങളുടെ ഭാഗമായി ആണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.ഇന്ത്യയിലെ കായിക സംസ്കാരത്തെക്കുറിച്ച് സംസാരിക്കവേ, ഏഷ്യൻ ഗെയിംസിൽ ഇന്ത്യ നേടിയ 107 മെഡലുകൾ നമ്മുടെ കായിക വാഗ്ദാനങ്ങളെ പറ്റി പറയുന്നതായി കേന്ദ്രമന്ത്രി പറഞ്ഞു. 2018ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ 30 ൽ 18 ഇനങ്ങളിൽ നമ്മൾ 70 മെഡൽ നേടിയപ്പോൾ ഇത്തവണ 22 ഇനങ്ങളിൽ വിജയിച്ചാണ് നമ്മുടെ കായിക താരങ്ങൾ തിരിച്ചെത്തിയത്. കേന്ദ്ര സർക്കാരിന്റെ ടോപ്സ് (ടാർഗെറ്റ് ഒളിമ്പിക് പോഡിയം സ്കീം) പദ്ധതിയാണ് ഈ വിജയത്തിന് കാരണമായി വിലയിരുത്തപ്പെടുന്നത് എന്നും അവർ പറഞ്ഞു.തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നീ വിഷയങ്ങൾ സ്പർശിച്ച മന്ത്രി, 13.5 കോടി ഇന്ത്യക്കാരെ ബഹുമുഖ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റിയതായി പറഞ്ഞു. 500 ദശലക്ഷത്തിലധികം ബാങ്ക് അക്കൗണ്ടുകൾ ആളുകൾ തുറക്കുകയും 2 ലക്ഷം കോടി രൂപ ദരിദ്രർ നിക്ഷേപിക്കുകയും ചെയ്തു. തൊഴിലില്ലായ്മ 6 വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കായ 3.2 ശതമാനത്തിലെത്തിയെന്നും മന്ത്രി കൂട്ടിച്ചേർത്തു

# ടൈ കേരള അവാർഡ്2023: നാമനിർദ്ദേശം ക്ഷണിച്ചു

**കൊച്ചി:** സംരംഭകരെയും ബിസിനസ്സ് രംഗത്തെ പ്രമുഖരെയും ആദരിക്കുന്നതിനായി ടൈ കേരള ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾക്ക് നാമനിർദ്ദേശം ക്ഷണിച്ചു. സംരംഭകരിൽ നിന്നും വ്യവസായ പ്രമുഖരിൽ നിന്നുമുള്ള അപേക്ഷകളാണ് പരിഗണിക്കുന്നത്മലയാളികളായ സംരംഭകരെയും നൂതനസംരംഭകരെയും വ്യവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നവരെയും ആദരിക്കുക, സംരംഭക രംഗത്ത്നൂതന ആശയങ്ങൾ, കാഴ്ചപ്പാടുകൾ, നേതൃപാടവം എന്നിവയിലൂടെ പുതിയ കാൽവെപ്പുകളും മാറ്റങ്ങളും സൃഷ്ടിക്കുന്ന വ്യക്തികളെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വാർഷിക അവാർഡ് നൽകുന്നത്. പുതുതലമുറയിലെ സംരംഭകരെ വളർത്താനും, ഓരോ വീട്ടിലും സംരംഭകൻ എന്ന ടൈ കേരളയുടെ കാഴ്ചപ്പാടിലേക്ക് യുവത്വത്തെ ആകർഷിക്കാനും അവാർഡ് സഹായകമാവുമെന്ന് ടൈ കേരള പ്രസിഡന്റ് ദാമോദർ അവനൂർപറഞ്ഞു.ഈ വർഷം ഡിസംബറിൽ നടക്കുന്ന ടൈക്കോൺ കേരളയുടെ 12ാമത് എഡിഷനോട് അനുബന്ധിച്ച് 2023ലെടൈ കേരള അവാർഡുകൾ പ്രഖ്യാപിക്കും. ടൈക്കോണിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ് ഈ അവാർഡ് ദാന ചടങ്ങ്.സ്റ്റാർട്ട് അപ് ഓഫ് ദി ഇയർ, സ്കെയിൽ അപ് ഓഫ് ദി ഇയർ, ഇന്നൊവേറ്റർ ഓഫ് ദി ഇയർ, എന്റർപ്രണർ ഓഫ് ദി ഇയർ,നെക്സ്റ്റ് ജനറേഷൻ എന്റപ്രണർ, സോഷ്യൽ ഇംപാക്റ്റർ ഓഫ് ദി ഇയർ, എക്കോ സിസ്റ്റം ഇനേബ്ളർ അവാർഡ് ലൈഫ് ടൈം അച്ചീവ്മെന്റ് ഓഫ് ദി ഇയർ അവാർഡ് എന്നീ എട്ട്വിഭാഗങ്ങളിലായാണ് 2023 ടൈ കേരള അവാർഡുകൾ നൽകുക.അപേക്ഷകൾ 2023 നവംബർ 15 വരെ സ്വീകരിക്കും. വിശദമായ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും നോമിനേഷനുകൾക്കും ടൈ കേരള അവാർഡസിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക: ശേലസല്യമഹമമംമ്യറ.രീ.ഓരോ അവാർഡിനുമുള്ള യോഗ്യത, മാനദണ്ഡങ്ങൾ തുടങ്ങി വിശദ വിവരങ്ങൾക്ക്
tiekerala.org, info@tiekerala.org,
7025888862 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

## ഡിജിറ്റൽ പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ട് ; ഇൻഫോപാർക്ക് സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** രാജ്യത്ത് പുതുതായി നിലവിൽ വന്ന ഡിജിറ്റൽ പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ടിനെ സംബന്ധിച്ച് ഇൻഫോപാർക്ക് ചേർത്തലയിൽ സെമിനാർ സംഘടിപ്പിച്ചു.'അണ്ടർസ്റ്റാൻഡിങ്ങ് ദ കീ പ്രൊവിഷൻസ് ഓഫ് ദ ഡിജിറ്റൽ പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ട് ' എന്ന വിഷയത്തിൽ ഇൻഫോപാർക്കിലെ ചൈതന്യ സമുച്ചയത്തിൽ നടന്ന സെമിനാറിന് ടുവ് സുദ്സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ്, സൈബർ സെക്യൂരിറ്റി സർവീസെസ് ഡെപ്യൂട്ടി ജി.എം അതുൽ ശ്രീവാസ്തവ നേതൃത്വം നൽകി. പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ട്, ഡിജിറ്റൽ പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ടിന്റെ പ്രായോഗികത, ഡിജിറ്റൽ പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ട് പ്രായോഗികമല്ലാത്ത മേഖലകൾ, ഡിജിറ്റൽ പേഴ്സണൽ ഡേറ്റ പ്രൊട്ടക്ഷൻ ആക്ടിന്റെ നിർവ്വചനങ്ങൾ, ഡാറ്റ പ്രിൻസിപ്പലിന്റെ അവകാശവും കടമകളും, സ്വകാര്യ വിവരങ്ങൾ ഏതൊക്കെ, ഏതെല്ലാം സ്വകാര്യ വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെട്ടേക്കാം, സ്വകാര്യ വിവരങ്ങൾ ശേഖരിക്കപ്പെടുന്നത് എങ്ങനൊക്കെ തുടങ്ങിയ കാര്യങ്ങൾ സെമിനാറിൽ ചർച്ചയായി.

# ബ്ലൂ ജെറ്റ് ഹെൽത്ത്കെയർ ഐപിഒ ഒക്ടോബർ 25ന്

**കൊച്ചി:** പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ബ്ലൂ ജെറ്റ് ഹെൽത്ത്കെയർ ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന ഒക്ടോബർ 25ന് ആരംഭിക്കും. 329 മുതൽ 346 രൂപ വരെയാണ് പ്രതി ഓഹരി വില. ചുരുങ്ങിയത് 43 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. ഒക്ടോബർ 27 ന് വിൽപ്പന അവസാനിക്കും.രണ്ടു രൂപ മുഖവിലയിൽ, കമ്പനിയുടെ പ്രൊമോട്ടർമാരുടെ കൈവശമുള്ള 2,42,85,160 ഇക്വിറ്റി ഓഹരികൾ വിറ്റൊഴിയും. ഇതുവഴി 798.98 കോടി രൂപ മുതൽ 840.27 കോടി രൂപ വരെ സമാഹരിക്കുകയാണ് ലക്ഷ്യമെന്ന് കമ്പനി അധികൃതർ അറിയിച്ചു.1968 ൽ ജെറ്റ് കെമിക്കൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തനം തുടങ്ങി പിന്നീട് ബ്ലൂ ജെറ്റ് ഹെൽത്ത്കെയറായി മാറിയ കമ്പനി 100ലധികം ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും 40ലധികം ഉൽപ്പന്നങ്ങൾ വാണിജ്യവൽക്കരിക്കുകയും ചെയ്തിട്ടു. കമ്പനിക്ക് 39 രാജ്യങ്ങളിലായി, യൂനിലിവർ, കോൾഗേറ്റ് പാമോലീവ് ഇന്ത്യ തുടങ്ങി 400ലേറെ വൻകിട ഉപഭോക്താക്കളുമുന്നെും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഗോ ഡിജിറ്റൽ സേവിങ്സ് അക്കൗണ്ടുമായി ആർബിഎൽ ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യമേഖലാ ബാങ്കുകളിൽ ഒന്നായ ആർബിഎൽ ബാങ്ക് പുതിയ ഡിജിറ്റൽ ബാങ്കിങ് സേവനമായ 'ഗോ ഡിജിറ്റൽ സേവിങ്സ് അക്കൗണ്ട് അവതരിപ്പിച്ചു. ലളിതമായ നടപടിക്രമങ്ങളിലൂടെ ആരംഭിക്കാനാവുന്നതും ഏളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതുമായ ഈ സീറോ ബാലൻസ് അക്കൗണ്ട് എല്ലാ പ്രായത്തിലുള്ള ഉപയോക്താക്കളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതാണെന്ന് ആർബിഎൽ ബാങ്ക് ബ്രാഞ്ച്, ബിസിനസ് ബാങ്കിങ് മേധാവി ദീപക് ഗധ്യാൻ പറഞ്ഞു.ഇത് 7.5 ശതമാനം വരെയുള്ള ഉയർന്ന വാർഷിക പലിശ നിരക്ക്, പ്രീമിയം ഡെബിറ്റ് കാർഡ്, പ്രീമിയം ബ്രാൻഡുകൾക്ക് 1500 രൂപ വിലമതിക്കുന്ന വൗച്ചർ, സമഗ്ര സൈബർ ഇൻഷുറൻസ് പരിരക്ഷ, ഒരു കോടി രൂപ വരെയുള്ള അപകട, യാത്രാ ഇൻഷുറൻസ്, സൗജന്യ സിബിൽ റിപ്പോർട്ട്, നിരവധി പ്രീമിയം ബാങ്കിങ് സേവനങ്ങൾ തുടങ്ങിയ നിരവധി ആനുകൂല്യങ്ങളാണ് നൽകുന്നത്. ഇവയെല്ലാം 1999 രൂപയുടെ (നികുതി പുറമെ) വാർഷിക വരിസംഖ്യയിൽ ഒറ്റപാക്കേജായി ലഭ്യമാകും. ഒരു വർഷത്തിന് ശേഷം അക്കൗ പുതുക്കുന്നതിന് 599 രൂപയും നികുതിയും നൽകിയാൽ മതി. പാൻ നമ്പറും ആധാർ വിവരങ്ങളും നൽകി ഏതാനും മിനിറ്റുകൾക്കുള്ളിൽ അക്കൗണ്ട് ആരംഭിക്കാനാകും. ഗോ ഡിജിറ്റൽ സേവിങ്സ് അക്കൗ ഉപയോക്താക്കൾക്ക് മികച്ച മൂല്യമുള്ള നിരവധി സേവനങ്ങൾ ലഭ്യമാക്കികൊണ്ട് പരമ്പരാഗത, ഡിജിറ്റൽ ബാങ്കിങ് സംവിധാനങ്ങൾക്കിടയിലെ വിടവ് നികത്തുമെന്നും ഒരു വലിയ ഉപയോക്തൃ വിഭാഗത്തിലേക്ക് ഡിജിറ്റൽ ബാങ്കിങ് സൗകര്യം എത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും ആർബിഎൽ ബാങ്ക് ബ്രാഞ്ച്, ബിസിനസ് ബാങ്കിങ് മേധാവി ദീപക് ഗധ്യാൻ പറഞ്ഞു.

# റോഡ് സുരക്ഷാ ബോധവത്കരണം: സെമിനാർ ഇന്ന്

**കൊച്ചി:** ജില്ല സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും എറണാകുളം മഹാരാജാസ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി റോഡ് സുരക്ഷാ ബോധവത്കരണ സെമിനാർ സംഘടിപ്പിക്കുന്നു. ഇന്ന് മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ രാവിലെ 10 ന് ആരംഭിക്കുന്ന സെമിനാർ പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് ഡോ.ടി.വി. സുജ ഉദ്ഘാടനം ചെയ്യും. എറണാകുളം റോഡ് ട്രാൻസ്പോർട്ട് ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എസ്.പി. ബിജുമോൻ സെമിനാർ നയിക്കും. തുടർന്ന് കോളേജ് വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ് ഉണ്ടായിരിക്കും.

## ചെറുകിട സംരംഭക ശാക്തീകരണം: ഉജ്ജീവൻ ബാങ്കും എച്ച് ക്യൂവും ഒരുമിക്കുന്നു




**കൊച്ചി:** രാജ്യത്തെ നാനോ, എംഎസ്എംഎഇ സംരംഭകരുടെ ശാക്തീകരണത്തിന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ഹഖ്ദർശക് (എച്ച് ക്യൂ) എംപവർമെൻറ് സൊലൂഷൻസുമായി കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി സാമ്പത്തിക സാക്ഷരത പദ്ധതിക്ക് രൂപം നൽകി. നാനോ, എംഎസ്എംഎഇ സംരംഭകർക്കിടയിലെ സാമ്പത്തിക അവബോധ വിടവ് പരിഹരിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മൂന്നു വർഷത്തിനകം 15,000 പേരെ സാക്ഷരത പദ്ധതിയുടെ ഭാഗമാക്കും.നഷ്ട സാധ്യത പരമാവധി ലഘൂകരിച്ച് യുക്തമായ തീരുമാനങ്ങളെടുക്കാൻ സൂക്ഷ്മ, ചെറുകിട സംരംഭകരെ പ്രാപ്തരാക്കാൻ പദ്ധതിയിലൂടെ കഴിയുമെന്നു ഉജ്ജീവൻ ബാങ്ക് സിഇഒയും എംഡിയുമായ ഇട്ടീര ഡേവിസ് പറഞ്ഞു. ബാങ്കിംഗ്, ഫിനാൻഷ്യൽ എന്നിവയ്ക്കു പുറമെ കൂടുതൽ മേഖലകളിൽ ഉത്തരവാദിത്വ സേവനം വ്യാപിപ്പിക്കുകയാണ് പദ്ധതിയിലൂടെയെന്നും അദ്ദേഹം വിശദമാക്കി.

## മെഡിക്കൽ ഓഫീസർ ഒഴിവ്

കൊച്ചി: മൂവാറ്റുപുഴ ജനറൽ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന വിമുക്തി ഡി അഡിക്ഷൻ സെന്ററിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർ ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.മോഡേൺ മെഡിസിനിൽ ബിരുദമോ (എം.ബി.ബി.എസ്.) തത്തുല്യ യോഗ്യതയോ സൈക്യാട്രിയിൽ ബിരുദാനന്തര ബിരുദമോ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഒക്ടോബർ 26 ന് രാവിലെ 11ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേംബറിൽ അഭിമുഖത്തിൽ പങ്കെടുക്കാം. പ്രായപരിധി 18 41വയസ്സ്. ഫോൺ : 0484 2360802

## പ്രൊജക്റ്റ് കോഓർഡിനേറ്റർ ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിൽ സുഭിക്ഷകേരളംജനകീയ മത്സ്യകൃഷി 202223ന്റെ ഭാഗമായി ര് പ്രൊജക്റ്റ് കോഓർഡിനേറ്റർമാരെ താത്ക്കാലികമായി നിയമിക്കുന്നു. യോഗ്യതകൾ: സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ നിന്നോ ബി.എഫ്.എസ്.സി, അംഗീകൃത സർവകലാശാലയിൽ നിന്നും അക്വാ കൾച്ചറിൽ ബിരുദാനന്തര ബിരുദം, അംഗീകൃത സർവകലാശാലയിൽ നിന്നും സുവോളജിയിലോ ഫിഷറീസ് വിഷയങ്ങളിലോ ബിരുദാനന്തര ബിരുദവും സർക്കാർ വകുപ്പിലോ സ്ഥാപനങ്ങളിലോ അക്വാകൾച്ചർ സെക്ടറിൽ 3 വർഷത്തെ പ്രവർത്തി പരിചയവും.പ്രായം: 2056. ശമ്പളം :30000 രൂപ.താത്പര്യമുള്ളവർ പ്രായം, വിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 27ന് രാവിലെ 10ന് എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നടത്തുന്ന വാക് ഇൻ ഇന്റർവ്യൂവിൽ ഹാജരാകേതാണ്. കൂടുതൽ വിവരങ്ങൾക്കായി ഫോൺ : 04842394476.

## പാരാമെഡിക്കൽ സ്റ്റാഫ് നിയമനം

**കൊച്ചി:** ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രത്യാശ മറൈൻ ആംബുലൻസിലേക്ക് പാരാ മെഡിക്കൽ സ്റ്റാഫിനെ താത്കാലികമായി നിയമിക്കുന്നതിനു വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.ജനറൽ നേഴ്സിംഗ് യോഗ്യതയുള്ള രു വർഷത്തെ പ്രവൃത്തി പരിചയമുള്ള ആൺകുട്ടികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഓഖി ദുരന്ത ബാധിത കുടുംബങ്ങളിൽപ്പെട്ടവർക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ടവർക്കും മുൻഗണന.ഉദ്യോഗാർത്ഥികൾ പ്രായം, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ഐഡൻറിറ്റി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും, പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഒക്ടോബർ 27 ന് ഉച്ചയ്ക്ക് 2 ന് എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (മേഖല ) ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ നേരിട്ട് ഹാജരാകണം.ഫോൺ :04842394476

# 'ഗിഫ്റ്റ്'; രണ്ടാം പതിപ്പുമായി ഹീറോ

**കൊച്ചി:** ഉത്സവകാല വിൽപനയിൽ കുതിപ്പ് പ്രതീക്ഷിച്ച് ഹീറോ മോട്ടോകോർപ്പ് ഹീറോ ഗിഫ്റ്റിന്റെ രണ്ടാം പതിപ്പായ 'ഗ്രാന്റ് ഇന്ത്യൻ ഫെസ്റ്റിവൽ ഓഫ് ട്രസ്റ്റ്' പ്രഖ്യാപിച്ചു. പരിഷ്കരിച്ച പുതിയ മോഡലുകൾ, ആകർഷകമായ കളർ സ്കീമുകൾ,ആനുകൂല്യങ്ങൾ, ധനസഹായ പദ്ധതികൾ തുടങ്ങിയവ ഗിഫ്റ്റ് പരിപാടിയുടെ ഭാഗമായി ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നതായി ഹീറോ മോട്ടോകോർപ്പിന്റെ ഇന്ത്യാ ബിസിനസ് യൂണിറ്റ്, ചീഫ് ബിസിനസ് ഓഫീസറായ ർൺജീവ്ജിത്ത് സിങ്ങ് പറഞ്ഞു.ഹീറോ മോട്ടോകോർപ്പിന്റെ ഉൽപ്പന്നങ്ങൾ വ്യത്യസ്തമായ കളർ സ്കീമുകളിൽ ലഭിക്കാൻ പോകുന്നു എന്നത് ഈ പരിപാടിയുടെ സവിശേഷതകളിലൊന്നാണ്. പേൾ വൈറ്റ് സിൽവറിൽ ഹീറോ സൂം എൽഎക്സും മാറ്റ് വെർണിയർ ഗ്രേയിൽ പ്ലഷർ എൽഎക്സും ടീ ബ്ലൂ, മാറ്റ് ബ്ലാക്ക് ട്രിംസിൽ പ്ലഷർ സിഎക്സും ഇതിൽ ഉൾപ്പെടുന്നു. പ്ലഷർ വിഎക്സ് പുതിയ മാറ്റ് ബ്ലാക്ക്, പേൾ സിൽവർ വൈറ്റ് ട്രിംസ് എന്നിവയിൽ ലഭ്യമാണ്. അതേസമയം ഡെസ്റ്റിനി പ്രൈം നെക്സസ് ബ്ലൂ, പേൾ സിൽവർ വൈറ്റ്, നോബിൾ റെഡ്ഡ് എഡിഷനുകളിൽ ലഭ്യമാണ്. ഡെസ്റ്റിനി എക്സ്ടിഇസി പേൾ സിൽവർ വൈറ്റ് കളർ ട്രിമ്മിലും ലഭ്യമാണ്. ഇതിന്റെ ഭാഗമായി എച്ച്എഫ് ഡീലക്സിന് പുതുപുത്തൻ ക്യാൻവാസ് സ്ട്രൈപ്പ് ട്രിമ്മുകൾ നൽകി അവതരിപ്പിക്കുന്നു. സൂപ്പർ സ്പ്ലെൻഡർ എക്സ്ടിഇസി പുതിയ മാറ്റ് നെക്സസ് ബ്ലൂ ട്രിമ്മിൽ വന്നെത്തും. സ്പ്ലെൻഡർ +നും സ്പ്ലെൻഡർ+ എക്സ്ടിഇസി ക്കും പുതുപുത്തൻ ട്രിമ്മുകളും നൽകിയിട്ടുണ്ട്. പാഷൻ+, പാഷൻ എക്സ്ടിഇസി എന്നിവ യഥാക്രമം ബ്ലാക്ക് ഗ്രേ, മാറ്റ് ആക്സിസ് ഗ്രേ ട്രിമ്മുകളിൽ ലഭ്യമാണ്. രൂപാ 5500 വരെ ക്യാഷ് ബോണസ്* രൂപാ 3000 വരെ* എക്സ്ചേഞ്ച് ബോണസ്, 'ഇപ്പോൾ വാങ്ങൂ 2024 ൽ പണം നൽകൂ'എന്ന ധനസഹായ പദ്ധതി തുടങ്ങിയ നിരവധി പുതിയ ആനുകൂല്യങ്ങളും ഹീറോ മോട്ടോകോർപ്പ് വാഗ്ദാനം ചെയ്യുന്നു. 6.99% എന്ന വളരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നേടാനുള്ള അവസരവും ഉപഭോക്താക്കൾക്കുണ്ട്. ഇതിൽ ഹൈപ്പോത്തിക്കേഷൻ ഫീ ഉണ്ടാകില്ല. ആധാർ അധിഷ്ഠിത വായ്പകളും സൗകര്യപ്രദമായ ക്യാഷ് ഇഎം ഐകളും മറ്റ് ആനുകൂല്യങ്ങളായുണ്ട്.ഉപഭോക്താക്കൾ തങ്ങൾക്ക് മേൽ അർപ്പിച്ചിരിക്കുന്ന അചഞ്ചലമായ വിശ്വാസത്തോടുള്ള നന്ദി പ്രകാശിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയാണ് ഹീറോ ഗിഫ്റ്റ്. ഈ പരിപാടിയിലൂടെ ആകർഷകമായ ധനസഹായ പദ്ധതികളും കുറഞ്ഞ പലിശ നിരക്കുകളും സഹിതം മോട്ടോർസൈക്കിളുകളുടേയും സ്കൂട്ടറുകളുടേയും ആവേശമുണർത്തുന്ന നിര വാഗ്ദാനം ചെയ്യുന്നു. ഐതിഹാസിക ഹീറോ ഉൽപ്പന്നങ്ങൾ സ്വന്തമാക്കുവാൻ ഈ പദ്ധതികൾ ഉപഭോക്താക്കളെ ശാക്തീകരിക്കും.'ഗിഫ്റ്റ് 2023 പരിപാടി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഹീറോ മോട്ടോകോർപ്പ് ടിവി, അച്ചടി, ഡിജിറ്റൽ, ഒഎച്ച് മാധ്യമങ്ങളിലൂടെ 360 ഡിഗ്രി പ്രചാരണവും ആസൂത്രണം ചെയ്യുന്നുണ്ട്. നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഐ സി സി പുരുഷ ക്രിക്കറ്റ് ലോക കപ്പ് 2023ന്റെ ടെലിവിഷൻ സംപ്രേഷണത്തിനിടയിലും ഈ പ്രചാരണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

# പുതിയ ടിവിഎസ് ജൂപ്പിറ്റർ 125 അവതരിപ്പിച്ചു



**കൊച്ചി:** ഇരുചക്രമുച്ചക്ര വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി, സ്മാർട്ട് കണക്ട് ഫീച്ചറോടുകൂടിയ പുതിയ ടിവിഎസ് ജൂപ്പിറ്റർ 125 അവതരിപ്പിച്ചു. എലഗൻറ് റെഡ്, മാറ്റ് കോപ്പർ ബ്രോൺസ് എന്നീ രണ്ട് പുതിയ നിറങ്ങളിൽ പുതിയ സ്മാർട്ട് ടെക്നോളജി വേരിയൻറ് ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സ്മാർട്ട് ടോക്ക്, സ്മാർട്ട് ട്രാക്ക് എന്നിവയ്ക്കൊപ്പം ബ്ലൂടൂത്ത് കണക്റ്റുചെയ്ത ടിഎഫ്ടി ഡിജിറ്റൽ ക്ലസ്റ്ററും പുതിയ ടിവിഎസ് ജൂപ്പിറ്റർ 125 സ്മാർട്ട് ടെക്നോളജിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആൻഡ്രോയിഡ്, ഐഒഎസ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ ഒരു എക്സ്ക്ലൂസീവ് ടിവിഎസ് കണക്ട് മൊബൈൽ ആപ്പുമായി സ്മാർട്ട് ഫോൺ കണക്റ്റ് ചെയ്താൽ, റൈഡർമാർക്ക് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വാഗ്ദാനം ചെയ്യുന്ന വിധത്തിലാണ് പുതിയ ടിവിഎസ് ജൂപ്പിറ്റർ 125ലെ സ്മാർട്ട് ടെക്നോളജിയുടെ സംയോജനം. ടേൺബൈടേൺ നാവിഗേഷൻ, വോയ്സ് അസിസ്റ്റൻസ്, കോൾ, മെസേജ് അറിയിപ്പുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ് ഫോം, ഫുഡ്/ഷോപ്പിങ് ആപ്പുകൾ എന്നിവയിൽ നിന്നുള്ള അലേർട്ടുകൾ, തത്സമയ കായിക സ്കോറുകൾ, കാലാവസ്ഥാ അപ്ഡേറ്റുകൾ, വാർത്താ അപ്ഡേറ്റുകൾ തുടങ്ങിയവയാണ് പ്രധാന ഫീച്ചറുകൾ.ഈ വിഭാഗത്തിലെ തന്നെ ആദ്യത്തെ ഫോളോമീ ഹെഡ്ലാംപ്സ്, ഹസാഡ് ലൈറ്റ്സ് പോലുള്ള ഫീച്ചറുകൾ മറ്റു പ്രധാന സവിശേഷതകളാണ്. 96,855 (എക്സ്ഷോറൂം, ഡൽഹി) വിലയിൽ പുതിയ ടിവിഎസ് ജൂപ്പിറ്റർ 125 സ്മാർട്ട് ടെക്നോളജി ഇപ്പോൾ രാജ്യത്തുടനീളം ലഭ്യമാണെന്നും കമ്പനി അധികൃതർ പറഞ്ഞു.

# ഡിജിറ്റൽ സർവ്വേ : ജാഗ്രത സമിതി രൂപീകരണം



**കൊച്ചി:** സംസ്ഥാനത്ത് നടന്നു വരുന്ന ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന തോപ്പുംപടി, പള്ളൂരുത്തി, ഇടക്കൊച്ചി, പൂണിത്തുറ, മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി എന്നീ വില്ലേജുകളിൽ ജാഗ്രത സമിതി രൂപീകരണവുമായി ബന്ധപ്പെട്ട മീറ്റിംഗ് മേയറുടെ അധ്യക്ഷതയിൽ നഗരസഭ കൗൺസിൽ ഹാളിൽ ചേർന്നു. ജനങ്ങളുടെ പൂർണ്ണമായ സഹകരണം ഉറപ്പാക്കി കുറ്റമറ്റ രീതിയിൽ സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനും കൊച്ചി മേഖലയിൽ എം.എൽ.എ, കൗൺസിൽ അംഗങ്ങൾ, അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ ചേർന്ന് വിശദമായ മീറ്റിംഗുകൾ നടത്തുന്നതിനും യോഗത്തിൽ തീരുമാനമായി. ഡിജിറ്റൽ സർവ്വെയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്നും, സർവ്വെയ്ക്ക് വരുന്നതിന് മുമ്പായി മുൻകൂർ അറിയിപ്പ് നൽകണമെന്നും മേയർ നിർദ്ദേശിച്ചു. ഭൂവുടമകൾ ഉദ്യോഗസ്ഥർ എത്തുന്നതിന് മുമ്പായി അതിർത്തികൾ വ്യക്തമാകുന്ന രീതിയിൽ കാടുകൾ വെട്ടിതെളിക്കേണ്ടതാണെന്നും ഭൂമിയുടെ കരം അടച്ച രസീത്, ആധാരം തുടങ്ങിയവ ഹാജരാക്കേണ്ടതാണെന്നും സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. നഗരസഭ സ്ഥിരം സമിതി അധ്യക്ഷന്മാർ, കൗൺസിൽ അംഗങ്ങൾ, സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ കെ.കെ.സുനിൽ, അസിസ്റ്റൻറ് ഡയറക്ടർ ജയകുമാർ, സർവ്വേ സൂപ്രണ്ടുമാർ, ഹെഡ് സർവ്വേയർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# എയർ ഇന്ത്യ എക്സ്പ്രസിന് ഇനി പുതിയ ബ്രാൻഡ് ഐഡന്റിറ്റി




**കൊച്ചി:** ടാറ്റയുടെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യയുടെ ഉപസ്ഥാപനങ്ങളായ എയർ ഇന്ത്യ എക്സ്പ്രസും എയർഏഷ്യ ഇന്ത്യയും പൊതുവായ പുതുക്കിയ ബ്രാൻഡ് ഐഡൻറിറ്റി അപതരിപ്പിച്ചു. എയർ ഇന്ത്യ എക്സ്പ്രസ് ഈയിടെ സ്വന്തമാക്കിയ പുതിയ ബോയിംഗ് ബി7378 വിമാനമാണ് 'എയർ ഇന്ത്യ എക്സ്പ്രസ്' എന്ന പൊതു ബ്രാൻഡിംഗിൽ ആദ്യമായി പുറത്തിറക്കിയത്.ആധുനിക രൂപവും തിളക്കമുള്ള നിറങ്ങളും പുതുമയാർന്ന എയർക്രാഫ്റ്റ് ലിവറിയുമായി എയർലൈൻ അതിഥികളെ സ്വാഗതം ചെയ്തു. വിവിധ സ്ഥലങ്ങൾക്കും ആളുകൾക്കും സംസ്കാരങ്ങൾക്കുമിടയിൽ അർത്ഥവത്തായ യാത്രാസൗകര്യം ഒരുക്കിക്കൊണ്ട് സ്വയം വേർതിരിച്ചറിയാനുള്ള ഉദ്ദേശ്യവും പ്രഖ്യാപിച്ചു. സവിശേഷമായ ഇന്ത്യൻ ഊഷ്മളതയോടെ മികച്ച മൂല്യവും സേവനവും നൽകുന്നതിന് തടസങ്ങളില്ലാത്തതും ഡിജിറ്റലായി പ്രവർത്തനക്ഷമമാക്കാവുന്നതുമായ യാത്രാ അനുഭവങ്ങൾ ലഭ്യമാക്കുന്നതിനാണ് എയർലൈൻ ലക്ഷ്യമിടുന്നത്.എയർ ഇന്ത്യ എക്സ്പ്രസ് ചെയർമാൻ കാംബെൽ വിൽസണും എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗും ചേർന്ന് എയർ ഇന്ത്യ എക്സ്പ്രസിൻറെ പുതുക്കിയ ബ്രാൻഡ് ഐഡൻറിറ്റി, ലോഗോ, എയർക്രാഫ്റ്റ് ലിവറി എന്നിവ ഉദ്ഘാടനം ചെയ്തു. എയർലൈനിൻറെ ആദ്യത്തേതും അതിവേഗം വളരുന്ന 58 വിമാനങ്ങളുടെ കൂട്ടത്തിലെ ഏറ്റവും പുതിയ കൂട്ടിച്ചേർക്കലുമായ ബോയിംഗ് 737 8 വിമാനമാണ് പുതിയ ബ്രാൻഡ് ഐഡൻറിറ്റിയിൽ പുറത്തിറങ്ങിയത്.എയർ ഇന്ത്യ എക്സ്പ്രസിൻറെയും എയർ ഏഷ്യ ഇന്ത്യയുടെയും ലയനം ഇപ്പോൾ അവസാന ഘട്ടത്തിലെത്തിയതോടെ വ്യോമയാന മേഖലയുടെ പരിവർത്തനവും കൂടിയാണ് നാം കാണുന്നതെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചെയർമാൻ കാംബെൽ വിൽസൺ പറഞ്ഞു. പുതിയ എയർ ഇന്ത്യ ഗ്രൂപ്പിൻറെ സുപ്രധാന ഭാഗവും ഓരോ ഇന്ത്യക്കാരനും മികച്ച മൂല്യവും പ്രാപ്യതയും ആഭ്യന്തരവും പ്രാദേശികവുമായ കണക്റ്റിവിറ്റിയും നൽകുന്നതും പുതിയ തലമുറയുടെ എയർലൈനായി മാറുന്നതുമായ എയർ ഇന്ത്യ എക്സ്പ്രസിൻറെ പുതിയ ബ്രാൻഡ് ഐഡൻറിറ്റി അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇന്ത്യയെയും ഇന്ത്യക്കാരെയും പരസ്പരവും ലോകവുമായും മികച്ച രീതിയിൽ ബന്ധിപ്പിക്കുക എന്നതാണ് ഈ ശ്രമങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.എയർലൈനിൻറെ പുതിയ വിഷ്വൽ ഐഡൻറിറ്റിയിൽ എക്സ്പ്രസ് ഓറഞ്ച്, എക്സ്പ്രസ് ടർക്കോയ്സ് എന്നീ ഊർജ്ജസ്വല വർണ്ണങ്ങളാണുള്ളത്. എക്സ്പ്രസ് ടാൻജറീൻ എക്സ്പ്രസ് ഐസ് ബ്ലൂ എന്നിവ ദ്വിതീയ നിറങ്ങളായി നൽകിയിരിക്കുന്നു. എക്സ്പ്രസ് ഓറഞ്ച് എയർ ഇന്ത്യ എക്സ്പ്രസിൻറെ ഉത്സാഹത്തിൻറെയും ചടുലതയുടെയും ബ്രാൻഡ് മൂല്യങ്ങളെ സൂചിപ്പിക്കുന്നു. ഒപ്പം ഇന്ത്യൻ ഊഷ്മളതയെയും പ്രതിഫലിപ്പിക്കുന്നു. ബ്രാൻഡിൻറെ സമകാലിക പ്രീമിയം സെൻസിബിലിറ്റിയും ഡിജിറ്റൽഫസ്റ്റ് സമീപനവും എക്സ്പ്രസ് ടർക്കോയ്സ് നിറം ഉൾക്കൊള്ളുന്നു.ആധുനികവും നവീകരിച്ചതുമായ ബ്രാൻഡിംഗിലൂടെ പുതിയ ഇന്ത്യയുടെ സ്മാർട്ട് കണക്ടർ എന്ന നിലയിൽ, സംയോജിപ്പിച്ച എയർ ഇന്ത്യ എക്സ്പ്രസ്, എയർ ഏഷ്യ ഇന്ത്യ എന്നീ സ്ഥാപനങ്ങൾ എയർ ഇന്ത്യ എക്സ്പ്രസ് എന്ന പേരിൽ ഇനി പ്രവർത്തിക്കുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. ആധുനികവും ഇന്ധനക്ഷമതയുള്ളതുമായ ബോയിംഗ് ബി7378 വിമാനത്തിൻറെ വരവോടെ ആരംഭിക്കുന്ന പുതിയ ബ്രാൻഡ് അവതരണം ഞങ്ങളുടെ വളർച്ചയുടെയും പരിവർത്തന യാത്രയുടെയും ഒരു പുതിയ ഘട്ടം അടയാളപ്പെടുത്തുന്നു. അടുത്ത 15 മാസത്തിനുള്ളിൽ 50 വിമാനങ്ങൾ കൂടി ഫ്ളീറ്റിൽ ഉൾപ്പെടുത്താൻ സജ്ജമാകുന്നതിനാൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ വിമാനങ്ങളുടെ എണ്ണം ഇരട്ടിയാക്കാനാകും. അടുത്ത 5 വർഷത്തിനുള്ളിൽ, ഇന്ത്യയിലും ഹ്രസ്വദൂര അന്താരാഷ്ട്ര വിപണികളിലും വ്യാപിച്ചുകിടക്കുന്ന ശൃംഖലയുമായി ഏകദേശം 170 നാരോ ബോഡി വിമാനങ്ങളുള്ള ഒരു എയർലൈനായി വളരാനാണ് ലക്ഷ്യമിടുന്നത്. തങ്ങളുടെ പാരമ്പര്യം തുടർന്നുകൊണ്ട് എയർക്രാഫ്റ്റ് ലിവറിയിൽ രാജ്യത്തിൻറെ സമ്പന്നമായ കല, കരകൗശല പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട വേരിയബിൾ ടെയിൽഫിൻ രൂപകൽപ്പന അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ക്വാണ്ടം സ്മോൾ കാപ് ഫണ്ടിൽ 27 വരെ നിക്ഷേപിക്കാം

**തൃശൂർ:** സ്മോൾ കാപ് ഓഹരികളിൽ നിക്ഷേപിക്കുന്ന ഇക്വിറ്റി പദ്ധതിയായ ക്വാണ്ടം സ്മോൾ കാപ് ഫണ്ടിൽ ഒക്ടോബർ 27 വരെ നിക്ഷേപം നടത്താം. ഒക്ടോബർ 16നാണ് ക്വാണ്ടം എഎംസി ഈ പുതിയ മ്യൂചൽ ഫണ്ട് നിക്ഷേപ പദ്ധതി അവതരിപ്പിച്ചത്. ഫണ്ടിന്റെ 65 ശതമാനം മുതൽ 100 ശതമാനം വരെ നിക്ഷേപം സ്മോൾ കാപ് കമ്പനികളുടെ ഇക്വിറ്റി ഓഹരികളിലും ഇക്വിറ്റി അനുബന്ധ നിക്ഷേപങ്ങളിലുമായിരിക്കുമെന്ന് ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്ത പറഞ്ഞു. ഡയറക്ട്, റെഗുലർ പ്ലാനുകളും ക്വാണ്ടം സ്മോൾ കാപ് ഫണ്ടിനുണ്ട്. ദീർഘകാല മൂലധന നേട്ടം ലക്ഷ്യമിടുന്ന നിക്ഷേപകർക്കുള്ള പദ്ധതിയാണ് തങ്ങളുടെ സ്മോൾ കാപ് ഫണ്ടെന്നും ചിരാഗ് മേത്ത പറഞ്ഞു. സ്മോൽ കാപ് ഓഹരികൾ ദീർഘ കാലത്തേക്ക് മികച്ച റിട്ടേൺ നൽകുന്ന പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്തയും അഭിലാഷ സതാലെയും ചേർന്നാണ് ഈ ഫണ്ട് മാനേജ് ചെയ്യുന്നത്.

## ഹോണ്ടഇന്ത്യ ടാലന്റ് കപ്പ്: ഫൈനൽറൗണ്ടിന് ഹോണ്ട ടീം സജ്ജം




**കൊച്ചി:** ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ് 2023 സീസണിന്റെ അവസാന റൗണ്ടിന് സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം. ചെന്നൈയിലെ മദ്രാസ് മോട്ടോർ റേസ്ട്രാക്കിൽ നടക്കുന്ന ഫൈനൽ റൗണ്ടിനായി പ്രത്യേകം നിർമിച്ച ഹോണ്ട എൻഎസ്എഫ്250ആർ മോട്ടോർസൈക്കിളുകളുമായി 12 യുവറൈഡർമാർ തയാറെടുത്തുകഴിഞ്ഞു. ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ് 2023 സീസണിന്റെ നാലാം റൗണ്ടിൽ മികച്ച പ്രകടനമാണ് യുവ റൈഡർമാർ നടത്തിയത്.എൻഎസ്എഫ്250ആർ വിഭാഗം നാലാം റൗണ്ടിന്റെ ആദ്യ റേസിൽ കാവിൻ ക്വിന്റൽ ഒന്നാമതെത്തിയിരുന്നു. മലയാളി താരം മൊഹ്സിൻ പി രണ്ടാം സ്ഥാനത്തും, റഹീഷ് ഖത്രി മൂന്നാം സ്ഥാനത്തും ഫിനിഷ് ചെയ്തു.

## മികച്ച ഉത്സവ ആനുകൂല്യങ്ങളുമായി ആമസോൺ പേ

**കൊച്ചി:** ഉത്സവ സീസണിൽ ആകർഷക ആനുകൂല്യങ്ങളും റിവാർഡുകളും ഒരുക്കി ആമസോൺ പേ. ഇൻസ്റ്റന്റ് ബാങ്ക് ഡിസ്ക്കൗണ്ടുകൾ, ക്യാഷ്ബാക്ക് ഓഫറുകൾ, മുൻനിര ബ്രാൻഡുകളിൽ നിന്ന് ഷോപ്പിംഗ് റിവാർഡുകൾ, പ്രൈം മെമ്പർമാർക്ക് എക്സ്ക്ലൂസീവ് ഓഫറുകൾ എന്നിവയുൾപ്പെടെ ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ 2023ൽ ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഉത്സവകാല ഷോപ്പിംഗ് നടത്തുമ്പോൾ ഇൻസ്റ്റന്റ് ഡിസ്ക്കൗണ്ട് 7,500 രൂപ വരെ നേടാനാകും.പുറമെ ബോണസ് ഓഫറുകളുമുണ്ട്. ഗ്രോസറി, കൺസ്യൂമർ ഇലക്ട്രോണിക്സ്, ഫാഷൻ, ഹോം അപ്ലയൻസസ് എന്നിങ്ങനെ വിവിധ കാറ്റഗറികളിലെ ഓഫറുകൾ പ്രയോജനപ്പെടുത്തി 7,500 രൂപ വരെ ക്യാഷ്ബാക്ക് ക്ലെയിം ചെയ്യാം. ആമസോൺ ആപ്പ് ഉപയോഗിച്ച് പണം അടയ്ക്കുമ്പോൾ ഷോപ്പിംഗ് റിവാർഡുകൾക്ക് അർഹതയുണ്ടാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ആമസോൺ പേ ഐസിഐസിഐ ക്രെഡിറ്റ് കാർഡിനു സൈൻ അപ്പ് ചെയ്യുന്ന പുതിയ ഉപഭോക്താക്കൾക്കു 2,000 രൂപ വരെ പ്രാരംഭ റിവാർഡ് ലഭിക്കും. ആമസോൺ പേ ലേറ്ററിനായി സൈൻ അപ്പ് ചെയ്യുന്നവർക്ക് 600 രൂപയുടെ റിവാർഡിന് പുറമെ, 100,000 രൂപ വരെ ഇൻസ്റ്റന്റ് ക്രെഡിറ്റും നേടാം. ആമസോൺ പേ ഐസിഐസിഐ ക്രെഡിറ്റ് കാർഡിൽ പ്രൈം മെംബർമാർക്ക് അൺലിമിറ്റഡ് 5% വും അല്ലാത്തവർക്ക് 3% വും, ആമസോൺ പേ ചെക്കൗട്ട് ഉപയോഗിക്കുന്ന നോൺ ഷോപ്പിംഗ് പേമെന്റുകൾക്ക് 2% വുംക്യാഷ് ബാക്ക് നേടാവുന്നതാണെന്നും കമ്പനി അധികൃതർ പറഞ്ഞു.

## പ്രവാസികൾക്ക് റിട്ടയർമെന്റ് പ്ലാനിങ്ങിന് അുയോജ്യമായ അവസരം

**കൊച്ചി:** പ്രവാസികൾക്ക് റിട്ടയർമെന്റ് പ്ലാനിങ് നടത്തുവാൻ അനുയോജ്യമായ അവസരങ്ങളാണ് ഇപ്പോഴുള്ളതെന്ന് പോളിസി ബസാർ ഡോട്ട് കോം ഇൻവെസ്റ്റ്മെന്റ്സ് വിഭാഗം മേധാവി വിവേക് ജയിൻ ചൂണ്ടിക്കാട്ടി. അതിന് അനുയോജ്യമായ ഇന്ത്യയിലെ പദ്ധതികൾ അവർ വിശകലനം ചെയ്യുന്നത് ഗുണകരമായിരിക്കും. റിട്ടയർമെന്റ് ലക്ഷ്യവുമായി ഗാരണ്ടീഡ് റിട്ടേൺ പദ്ധതികൾ തെരഞ്ഞെടുക്കുന്നത് മികച്ച തീരുമാനമായിരിക്കും. വാങ്ങുന്ന സമയത്തു തന്നെ അതിൽ നിന്നുള്ള നേട്ടം ഉറപ്പിക്കാനും ലോക്കു ചെയ്യാനും സാധ്യമാകും എന്നതാണ് ഒരു സവിശേഷത. വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ആറു മുതൽ 7.5 ശതമാനം വരെ നേട്ടം നൽകുന്ന സ്ഥിര നിക്ഷേപം, പിപിഎഫ് എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ഗാരണ്ടീഡ് റിട്ടേൺ പദ്ധതികൾ ഉയർന്ന നേട്ടം ലഭ്യമാക്കുകയും ചെയ്യും. ഇന്ത്യയിൽ എക്സ്ടേണൽ അക്കൗണ്ട് ഉണ്ടെങ്കിൽ ജിഎസ്ടി റീഫണ്ട് നേടാനാവും എന്ന നേട്ടവും ഈ പദ്ധതികൾക്കുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കുറച്ചുകൂടി നഷ്ടസാധ്യതകൾ നേരിടാൻ കഴിയുന്നവർക്ക് അനുയോജ്യമായവയാണ് കാപിറ്റൽ ഗാരണ്ടി പദ്ധതികൾ. ആനുവിറ്റി പദ്ധതികളും പ്രവാസി ഇന്ത്യക്കാർ പരിഗണിക്കണമെന്നും അദ്ദേഹം പറഞ്ഞു.

# സഞ്ചാരികളുടെ മനം മയക്കി ദുബൈയിലെ ഔട്ട്ഡോർ അത്ഭുതങ്ങൾ



**കൊച്ചി:** ആഡംബരത്തിന്റെ പര്യായമായ ദുബായിയെ ശീതകാലം കൂടുതൽ മനോഹരമാക്കുന്നു. സഞ്ചാരികൾക്ക് കറങ്ങി നടക്കാനും ദുബൈയിലെ ഏറ്റവും ആകർഷകമായ വാഗ്ദാനങ്ങൾ അനുഭവിച്ചറിയാനും ഏറ്റവും അനുയോജ്യമായ സമയമാണ് ശീതകാലം. ദുബൈയിലെ ഔട്ട്ഡോർ അത്ഭുതങ്ങൾ നേരിട്ട് അനുഭവിച്ചറിയാൻ സഞ്ചാരികൾക്ക് പറ്റിയ സമയമാണ് ഈ ശീതകാലം. ക്രോക്കൊഡൈൽ പാർക്ക്, മിറക്കിൾ ഗാർഡൻ, ഗ്ലോബൽ വില്ലേജ്, നഖീൽ മറീനാസ് ദ്വീപുകൾ, ടെറ സോളിസ് ലക്ഷ്വറി ഡെസേർട്ട് എന്നീ ആകർഷകമായ പ്രകൃതി വിസ്മയങ്ങൾ മുതൽ ഫെരാരികളും മസെരാറ്റികളും ഉൾപ്പെടെയുള്ള മുൻനിര വാഹനങ്ങൾ വാഗ്ദാനം ചെയ്യുന്ന വിഐപി റെന്റ് എ കാർ, പാഡോക്ക് ലക്ഷ്വറി തുടങ്ങിയ പ്രശസ്ത കമ്പനികളിൽ നിന്ന് ഒരു സൂപ്പർകാർ വാടകയ്ക്ക് എടുത്തു ഷെയ്ഖ് സായിദ് റോഡിലെ യാത്രയിൽ റിയർ വ്യൂ മിററിലൂടെ ദുബായിലെ ഐക്കണിക് അംബരചുംബികൾ തെന്നിമാറുന്നത് കണ്ടു അനുഭവിച്ചറിയാൻ സഞ്ചാരികൾക്ക് ഏറ്റവും മികച്ച സമയമാണ് ഈ ശീതകാലം.20,000 ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന 250ലധികം നൈൽ മുതലകളുള്ള ക്രോക്കഡൈൽ പാർക്കിൽ ശാന്തമായ വെള്ളച്ചാട്ടങ്ങളും മണൽത്തീരങ്ങളും ചേർന്ന് കാലാവസ്ഥാ നിയന്ത്രണത്തിലുള്ള മൂന്ന് തടങ്ങളുണ്ട്. മുതലയുടെ ദിനചര്യകൾ നിരീക്ഷിക്കാനും ഭക്ഷണ സെഷനുകളിൽ പോലും പങ്കെടുക്കാനും സന്ദർശകരെ അനുവദിക്കുന്ന ഒരു കുടുംബസൗഹൃദ പാർക്കാണിത്. മുതലകൾ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു മ്യൂസിയവും പാർക്കിനോട് അനുബന്ധിച്ചു പ്രവർത്തിക്കുന്നു. 72,000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിദത്ത പൂന്തോട്ടമായ ദുബായ് മിറാക്കിൾ ഗാർഡനിൽ പുഷ്പ വിസ്മയങ്ങളുടെ ഒരു ലോകം കാത്തിരിക്കുന്നു. 27 ആഡംബര പവലിയനുകളിലും 175ലധികം റൈഡുകളിലും ഗെയിമുകളിലും ആകർഷണങ്ങളിലും 90ലധികം സംസ്കാരങ്ങൾ അവരുടെ പ്രാദേശിക ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നത് ഗ്ലോബൽ വില്ലേജിൽ നിങ്ങൾക്ക് കാണാം.248 വെറ്റ് ബർത്തുകളും 40 ഡ്രൈ ബർത്തുകളും ഉള്ള 13 സൂപ്പർ യോട്ടുകൾ വരെ ഉൾക്കൊള്ളാനുള്ള ശേഷിയുള്ള ദുബായിലെ ഈ ഏറ്റവും പുതിയ മറീന ഒരു ആഡംബര കേന്ദ്രമായി മാറാൻ ഒരുങ്ങുകയാണ്. പ്രശസ്തമായ സംഗീതോത്സവവുമായി സഹകരിച്ച് സൃഷ്ടിച്ചതാണ് ദുബായിലെ എക്സ്ക്ലൂസീവ് ഒയാസിസ് ഗ്ലാമ്പിംഗ് അനുഭവമായ ടെറ സോളിസ്. ഈ ഒറ്റപ്പെട്ട മരുഭൂമി സങ്കേതം മനോഹരമായ ഒരു പകൽ സന്ദർശനത്തിനോ അല്ലെങ്കിൽ ഉരുളുന്ന മൺകൂനകൾക്കിടയിലുള്ള അവിസ്മരണീയമായ ഒരു രാത്രി വിശ്രമത്തിനോ വേണ്ടി ആഗ്രഹിക്കുന്ന സഞ്ചാരികൾക്കായി തുറന്നിരിക്കുന്നു. ആഡംബര വിശ്രമ യാത്ര തേടുന്ന സഞ്ചാരികൾക്കായി ആഡംബരപൂർണ്ണമായ ഒരു പാചക അനുഭവം ഇവിടെ കാത്തിരിക്കുന്നുണ്ട്.

## ഓപ്ഷൻ രജിസ്ട്രേഷൻ 21 വരെ

**തിരുവനന്തപുരം:** 2023ലെ ആയുർവേദ / ഹോമിയോ / സിദ്ധ / യുനാനി / ഫാർമസി / അഗ്രികൾച്ചർ / ഫോറസ്ട്രി / ഫിഷറീസ് / വെറ്ററിനറി / കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് എൻവയൺമെന്റൽ സയൻസ്/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലേക്കുള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ ആരംഭിച്ചു. പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ Register ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തണം. ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം ഒക്ടോബർ 21ന് വൈകുന്നേരം നാലുവരെ www.cee.kerala.gov.in ൽ ലഭിക്കും. 21ന് വൈകിട്ട് നാലുവരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ 24ന് മൂന്നാംഘട്ട താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 04712525300.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ഔദ്യോഗിക ആവശ്യത്തിനായി 202324 സാമ്പത്തിക വർഷത്തിൽ ടാക്സി പെർമിറ്റുള്ള എ.സി കാർ ലഭ്യമാക്കുന്നതിന് വാഹന ഉടമകളിൽ നിന്ന് ദർഘാസ് ക്ഷണിച്ചു.ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി: ഒക്ടോബർ 25 ഉച്ചയ്ക്ക് 3 വരെ ജില്ല പ്രൊബേഷൻ ഓഫീസർ സിവിൽ സ്റ്റേഷൻ ഗ്രൗണ്ട് ഫ്ളോർ, കാക്കനാട് എന്ന വിലാസത്തിൽ ലഭ്യമാക്കണം. സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ബന്ധപ്പെടാം. ഫോൺ :0484 2425249.

# കേരളത്തിൽ തരംഗമായി 'ലിയോ'



**കൊച്ചി:** സിനിമാലോകത്ത് സൗത്ത് ഇന്ത്യയിൽ റിലീസിനു മുന്നേ ഏറ്റവും ഹൈപ്പ് കിട്ടിയ ചിത്രമാണ് ലിയോ. കേരളത്തിൽ ഇതുവരെയുള്ള റിലീസ് റെക്കോർഡുകൾ തകർത്തെറിഞ്ഞ് 655 സ്ക്രീനുകളിലാണ് ലിയോ പ്രദർശനം ആരംഭിച്ചത്. പുലർച്ചെ നാലു മണിക്ക് ആരംഭിച്ച കേരളത്തിലെ പ്രദർശനത്തിനു മുൻപ് തന്നെ മിക്ക ജില്ലകളിലെയും തിയേറ്ററിനു മുന്നിൽ ആഘോഷപരിപാടികൾ അരങ്ങേറിയിരുന്നു. ആദ്യ ദിനത്തിലെ എല്ലാ ഷോകളും ഹൗസ് ഫുൾ ഷോകൾ ആയിരുന്നു. കേരളത്തിലെ പ്രീ സെയിൽസ് റെക്കോർഡുകൾ തകർത്തെറിഞ്ഞ ലിയോ പത്തു കൊടിയോളം രൂപയാണ് പ്രീ സെയിൽ ബിസിനെസ്സിൽ സ്വന്തമാക്കിയത്.മലയാളി താരങ്ങളായ മാത്യൂസ്, മഡോണാ സെബാസ്റ്റ്യൻ, ബാബു ആന്റണി എന്നിവരും ലിയോയിൽ അവരുടെ പ്രകടനം ഗംഭീരമാക്കി. തിയെറ്റർ എക്സ്പീരിയൻസ് പൂർണമായി പ്രേക്ഷകന് സമ്മാനിക്കുന്ന ലോകേഷ് കനകരാജ് സംവിധാനം ചെയ്ത ചിത്രം വിജയുടെ ഗംഭീര പ്രകടനവും അനിരുദ്ധിന്റെ മികവാർന്ന സംഗീത സംവിധാനത്തിലും മികവാർന്നതാകുന്നു. 480 ഫാൻസ് ഷോകളാണ് ചിത്രത്തിന് കേരളത്തിൽ മാത്രം നടന്നത്. സഞ്ജയ് ദത്ത്,അർജുൻ സർജ, ഗൗതം മേനോൻ, മിഷ്കിൻ, മാത്യു തോമസ്, മൻസൂർ അലി ഖാൻ, പ്രിയ ആനന്ദ്, സാൻഡി, ജനനി, അഭിരാമി വെങ്കിടാചലം, ബാബു ആന്റണി തുടങ്ങിയ താരങ്ങളാണ് ചിത്രത്തിലുള്ളത്. സെവൻ സ്ക്രീൻ സ്റ്റുഡിയോ, ദി റൂട്ട് എന്നിവയുടെ ബാനറുകളിൽ ലളിത് കുമാറും ജഗദീഷ് പളനിസാമിയും ചേർന്നാണ് ലിയോ നിർമിക്കുന്നത്.ശ്രീ ഗോകുലം മൂവിസിന് വേണ്ടി ഗോകുലം ഗോപാലൻ ആണ് കേരളത്തിലെ വിതരണാവകാശം സ്വന്തമാക്കിയത്.ഡ്രീം ബിഗ് ഫിലിംസാണ് കേരളത്തിലെ ഡിസ്ട്രിബ്യൂഷൻ പാർട്ണർ. ലിയോയുടെ ഡി.ഒ.പി : മനോജ് പരമഹംസ, ആക്ഷൻ : അൻപറിവ് , എഡിറ്റിങ് : ഫിലോമിൻ രാജ്, പി ആർ ഓ: പ്രതീഷ് ശേഖർ.

